

## മാധ്യമ പ്രവർത്തനത്തിലെ നൈതികത

ആധുനിക സാമൂഹിക ജീവിതത്തിലെ അവശ്യ ഘടകവും മനുഷ്യന്റെ ചിന്തയെയും മൂല്യങ്ങളെയും സംസ്കാരങ്ങളെയും സ്വാധീനിക്കാൻ കഴിവുള്ള സംവിധാനവുമാണ് മാധ്യമങ്ങൾ. ജനാധിപത്യ വ്യവസ്ഥിതിയുടെ നാലാംതൂണും ജനാധിപത്യത്തിന്റെ കാവലാളായുമാണ് മാധ്യമങ്ങൾ വിശേഷിപ്പിക്കപ്പെടുന്നത്. അധാർമികതയും അരാജകത്വവും അഴിമതിയും അരങ്ങുതകർക്കുമ്പോൾ തിരുത്തലുകൾക്ക് വഴിതുറക്കുന്നത് മാധ്യമങ്ങളുടെ ധീരമായ ഇടപെടലുകളാണ്.

VOL NO: 03 | ISSUE 24

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 JUNE 15 | ₹12

# സ്വഹീഹുൽ ബുഖാരി: വിമർശനങ്ങളും വസ്തുതയും

ഇസ്‌ലാമികാധ്യാപനങ്ങളെ തമസ്കരിക്കാനായി വിമർശകർ കണ്ടെത്തിയ മാർഗമാണ് പ്രമാണങ്ങളെ വില കുറച്ച് കാണിക്കുക എന്നത്. ക്വുർആനിനെയും ഹദീസിനെയും താരതമ്യം ചെയ്ത്, ഹദീസിനെ ഇകഴ്ത്തിയും തുടർന്ന് അതിനെ അപ്പാടെ തള്ളിക്കളഞ്ഞും വിമർശകർ ഒരുക്കിയ കെണിയിൽ അറിഞ്ഞും അറിയാതെയും മുസ്‌ലിം നാമധാരികളും ഭാഗഭാക്കായി എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് സ്വഹീഹുൽ ബുഖാരിക്കെതിരെയുള്ള അർഥരഹിതമായ ആരോപണങ്ങൾ.

|| ജോലിയിലെ ആത്മാർഥത

|| അല്ലാഹു: ഉപമകൾക്കതീതൻ

|| പ്രപഞ്ചത്തിന്റെ അനന്തവിശാലത

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio


Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0125 / 2019 ജൂൺ 15 / ശവ്വാൽ 12 / പുസ്തകം 3 / ലക്കം / 24




# സ്വഹീഹുൽ ബുഖാരി: വിമർശനങ്ങളും വസ്തുതയും

അബ്ദുൽ മാലിക് സലഫി / 10

**മുഖമൊഴി**

മാധ്യമ പ്രവർത്തനത്തിലെ നൈതികത / 05
എഡിറ്റർ

**ലേഖനം**

മദീനയിലേക്കുള്ള പലായനത്തിന്റെ ഗുണഫലങ്ങൾ / 20
ഫദ്‌ലുൽ ഹഖ് ഉമരി

പ്രപഞ്ചത്തിന്റെ അനന്തവിശാലത / 26
ഡോ. അബ്ദുറസാഖ് സുല്ലമി

അല്ലാഹു: ഉപമകൾക്കതീതൻ / 28
മെഹബൂബ് മദനി ഒറ്റപ്പാലം

ഇസ്‌ലാം നൽകുന്ന ആത്മഹർഷം / 31
ശമീർ മദീനി

**വിവർത്തനം**

ജോലിയിലെ ആത്മാർഥത / 07
ശൈഖ് അബ്ദുൽമുഹ്സിൻ ഇബ്നുഹമദ് അൽബദ്ർ

**ചരിത്രപഥം**

ലാഭം കൊതിക്കുക; നഷ്ടത്തെ ഭയക്കുക / 16
മൂസ സ്വലാഹി, കാര

**കാഴ്ച**

സാറിന് കഞ്ചാവ് വേണോ..? / 24
സലാം സുറുമ എടത്തനാട്ടുകര

**ഹദീസ് പാഠം**

ഇന്ന് കൊടുക്കുക; നാളേക്കു വേണ്ടി / 34
ഉസ്മാൻ പാലക്കാഴി

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



## കർഷകൻ ചതിക്കപ്പെട്ടു കൂടാ

കൃഷിയെ കുറിച്ച് കർഷകന് ചില പ്രതീക്ഷകളുണ്ട്. അനുഭവത്തിന്റെ ഇന്നലെകൾ കൊണ്ട് അവനറിയാം അവ പൂവണിയുമെന്ന്. പ്രതീക്ഷിത വിളയെ കാത്തിരിക്കുന്നവന്റെ കണക്കുകൂട്ടലുകൾ പാടെ തകിടം മറിക്കുന്നൊരു ഫലം ആ കൃഷി തന്നെ സമ്മാനിച്ചാലൊ? അധ്വാനം വൃഥാവിലായ വ്യഥയാൽ അയാൾ തളർന്നു പോകുന്നത് സ്വാഭാവികം.

ക്രാന്തദൃക്കായ, മണ്ണിന്റെ മണവും ഗുണവുമറിയുന്ന കർഷക ഗുരു തന്റെ കൃഷിക്കു പറ്റിയ അപൂർവ്വ പ്രതിഭാസത്തെ കുറിച്ച് പഠിക്കാൻ തന്നെ തീരുമാനിച്ചു. പഠനാവസാനം ആ സത്യം അവനറിഞ്ഞു. തന്നോട് സ്നേഹം നടിച്ച ഏതോ ഒരുത്തൻ തന്റെ തൈകളോട് രൂപത്തിലും ഭാവത്തിലും നൂറ് ശതമാനം സാദൃശ്യം പുലർത്തുന്ന തൈകൾ അവനുദ്ദേശിച്ച ഫലലബ്ധിക്ക് വേണ്ടി മാറ്റി നട്ടിരുന്നു!

അതാവട്ടെ നിഷ്കളങ്കനായ കൃഷിക്കാരന് തിരിച്ചറിയാൻ കഴിയാതെ പോയതുകൊണ്ട് വിള വരുന്നതുവരെ പരിപാലനത്തിൽ അവൻ ശ്രദ്ധ കാണിച്ചു. വഞ്ചിക്കപ്പെട്ടത് അറിയുന്നതാവട്ടെ വളരെ വൈകിയാണ്.

കണ്ണീരണിഞ്ഞ ദിനരാത്രങ്ങളാണ് ആ കർഷകന് ഇന്ന്. നിനച്ചിരിക്കാതെ വന്നണഞ്ഞ വിനയെ തട്ടിമാറ്റാൻ അയാൾക്ക് കഴിയാതെ പോയി.

നാട്ടിലും വീട്ടിലും തന്റെ വിളയെ പ്രതീക്ഷയോടെ കാത്തിരിക്കുന്നുണ്ടെന്ന സത്യം ദുഃഖത്തിന്റെ ആഴം കൂട്ടുന്നു

ഇനി തന്റെ കൃഷി യഥാർഥത്തിലൊരു ഫലം നൽകണമെങ്കിൽ പൂർണമായ വർഷം കാത്തിരിക്കേണ്ടിയിരിക്കുന്നു.

എങ്കിലും ചതിക്കപ്പെട്ട ഇന്നലെകളെ കുറിച്ചോർത്ത് ദുഃഖിക്കാതെ, പ്രതീക്ഷ വെടിയാതെ അവൻ കാത്തിരിക്കുന്നു. യഥാർഥ തൈതെ നടാനും അത് മാറ്റി നടുന്നില്ലെന്ന് ഉറപ്പാക്കാനുമായി ചില ദൃഢനിശ്ചയങ്ങൾ അവൻ എടുത്ത് കഴിഞ്ഞു. ഈ വിവരമറിഞ്ഞ ആബാലവൃദ്ധ ജനങ്ങളും ആ കർഷകന് പിന്തുണ നൽകി. അവരെല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. 'ഈ ചതി ആവർത്തിക്കപ്പെടാവതല്ല.'

**-മുസ്‌ലിം ബിൻ ഹൈദർ**

## ഓർക്കാനൊരു സ്നേഹത്തിന്റെ നോമ്പുതുറ

2019 ജൂൺ 1 ലക്കത്തിൽ സലാം സുറുമ എഴുതിയ 'ഓർക്കാനൊരു സ്നേഹത്തിന്റെ നോമ്പുതുറ' എന്ന ലേഖനം ശ്രദ്ധേയമായിരുന്നു. നിഷ്കളങ്കമായ സ്നേഹത്തിന്റെയും മനുഷ്യസൗഹാർദത്തിന്റെയും അകക്കാഴ്ചകളിലേക്ക് വാതിൽ തുറക്കുന്നതായിരുന്നു ആ വരികൾ.

വാസുവേട്ടനും കൗസല്യ ചേച്ചിയും ശശിയേട്ടനുമെല്ലാം മാനവ സൗഹാർദത്തിന്റെ ഏറ്റവും സമ്പന്നമായ കാലഘട്ടത്തെയാണ് പ്രതിനിധീകരിക്കുന്നത്. കേവലമായ പ്രകടനങ്ങളുടെ ലോകത്ത് അത്തരം മാതൃകകൾക്ക് ഏറെ സംസാരിക്കാനുണ്ട്.

അന്ധമായ അനുകരണം തീർത്ത അന്ധകാരത്തിന്റെ ലോകത്ത് യുക്തിചിന്തയും വിമർശനബോധവും കരുത്താർജിക്കേണ്ടിയിരിക്കുന്നു. മനുഷ്യന് മുമ്പിൽ ഭേദങ്ങൾ അസ്തമിക്കണമെന്ന സത്യം തിരിച്ചറിയുന്നിടത്താണ് മനുഷ്യവംശത്തിന് ശക്തി കൈവരുന്നത്. അവിടെ വെറുപ്പിന്റെ അവസാന ഹൃദയവും പുഞ്ചിരിക്കാനൊരു മുഖത്തെ തിരയും.

**-അൻവർ ശരീഫ് കെ**

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, PB.NO: 597, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# മാധ്യമ പ്രവർത്തനത്തിലെ നൈതികത

ആധുനിക സാമൂഹിക ജീവിതത്തിലെ അവശ്യ ഘടകവും മനുഷ്യന്റെ ചിന്തയെയും മൂല്യങ്ങളെയും സംസ്കാരങ്ങളെയും സ്വാധീനിക്കാൻ കഴിവുള്ള സംവിധാനവുമാണ് മാധ്യമങ്ങൾ. ജനാധിപത്യ വ്യവസ്ഥിതിയുടെ നാലാംതൂണും ജനാധിപത്യത്തിന്റെ കാവലാളായുമാണ് മാധ്യമങ്ങൾ വിശേഷിപ്പിക്കപ്പെടുന്നത്. അധാർമികതയും അരാജകത്വവും അഴിമതിയും അരങ്ങുതകർക്കുമ്പോൾ തിരുത്തലുകൾക്ക് വഴിതുറക്കുന്നത് മാധ്യമങ്ങളുടെ ധീരമായ ഇടപെടലുകളാണ്.

മാധ്യമങ്ങൾക്ക് അവയുടെ ധർമങ്ങൾ നിർവഹിക്കാൻ സ്വാതന്ത്ര്യം നൽകണം. എന്നാൽ ഭരണകൂടവും വ്യവസായികളുമാണ് മാധ്യമങ്ങളെ നിയന്ത്രിക്കുന്നത് എന്നാണ് സമകാലിക സംഭവങ്ങൾ സൂചിപ്പിക്കുന്നത്. ഇവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി പ്രവർത്തിക്കുന്ന മാധ്യമങ്ങൾക്ക് ശരിയായ വാർത്തകളും സന്ദേശങ്ങളും അഭിപ്രായങ്ങളും നൽകാൻ സാധിക്കാതെ വരുന്നു. നുണകളും അവാസ്ഥവങ്ങളായ കാര്യങ്ങളും അർധസത്യങ്ങളും പ്രചരിപ്പിച്ച് സത്യമെന്ന് വരുത്തിത്തീർക്കുക മാത്രമല്ല; ജനങ്ങൾക്ക് എന്ത് വിവരം നൽകണം, എന്ത് വിവരം നൽകേണ്ട എന്നു തീരുമാനിക്കുന്നതിലേക്കും മാധ്യമങ്ങളെ നിയന്ത്രിക്കുന്നവർ എത്തിച്ചേരുന്നു. വാർത്താ വിനിമയ സംവിധാനത്തിന് പുറമെനിന്നുള്ള ഇടപെടൽ; അത് സർക്കാരിൽ നിന്നോ മറ്റാരെങ്കിൽ നിന്നോ ആയാലും മാധ്യമങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കലാണ്.

ചില മാധ്യമങ്ങൾ ചിലപ്പോഴൊക്കെ വ്യാജ വാർത്തകൾ പ്രചിരിപ്പിക്കുന്നുണ്ട്. ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ അവിശ്വാസവും തെറ്റിദ്ധാരണയും വളർത്താൻ വേണ്ടി ബോധപൂർവം ശ്രമം നടത്തുന്ന ചില പത്രങ്ങളും ചാനലുകളുമുണ്ട്. കസ്ഗഞ്ച എന്ന ഗ്രാമത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവർ ദേശീയപതാക ഉയർത്തുന്നതിൽ പ്രധിഷേധിച്ചുവെന്ന കെട്ടിച്ചമച്ച കഥ ചിലർ പ്രചരിപ്പിക്കുകയും അത് ചില മാധ്യമങ്ങൾ ഏറ്റുപിടിക്കുകയും ചെയ്തതിനാൽ ഈ നുണക്കഥയുടെ പ്രത്യാഘാതം ഒരു സമുദായത്തിന് ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ടെന്ന സത്യം നന്മയുള്ള മനസ്സുകളെ അലോസരപ്പെടുത്തുന്നതാണ്.

സാമൂഹിക സേവനം, സാംസ്കാരിക പ്രവർത്തനം, വിജ്ഞാനം, വിദ്യാഭ്യാസം, വിനോദം തുടങ്ങിയവയെല്ലാം മാധ്യമങ്ങളിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നുണ്ട്. സമൂഹത്തിൽ നടക്കുന്ന അരുതായ്മകളും ഭരണതലത്തിലുള്ള അഴിമതിയും ഇല്ലായ്മ ചെയ്യുന്നതിലും അനീതിക്ക് ഇരയാകുന്നവർക്ക് ന്യായമായ നീതി നേടിക്കൊടുക്കുന്നതിലുമുള്ള മാധ്യമങ്ങളുടെ പങ്ക് ചെറുതല്ല. സമൂഹത്തിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കേണ്ടവരാണവർ.

മാധ്യമ പ്രവർത്തകരും മനുഷ്യരാണ്. അവർക്കു ലഭിക്കുന്ന വാർത്തകളിലും നിഗമനങ്ങളിലും പിഴവ് വന്നേക്കാം. അതിനെ വിമർശിക്കാനുള്ള അവകാശം എല്ലാ പൗരന്മാർക്കുമുണ്ട്. എന്നാൽ മാധ്യമ പ്രവർത്തകർ തങ്ങൾക്ക് ലഭിക്കുന്ന വാർത്തയുടെ ഉറവിടവും അതിന്റെ സത്യാവസ്ഥയും അന്വേഷിച്ചുകൊണ്ടായിരിക്കണം റിപ്പോർട്ട് ചെയ്യേണ്ടത്.

ഇന്ന് മാധ്യമ പ്രവർത്തകർ പലവിധത്തിലുള്ള ഭീഷണികളും നേരിടുന്നുണ്ട്. സത്യം തുറന്നു പറഞ്ഞതിന്റെ പേരിൽ പലർക്കും ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. അനർഹവും അധാർമികവുമായ മാർഗങ്ങളിലൂടെ പണവും അധികാരവും കൈപ്പിടിയിലൊതുക്കുന്നവർ ഏറെ ഭയപ്പെടുന്ന ഒന്നാണ് സത്യസന്ധമായ മാധ്യമപ്രവർത്തനം. ഗൗരി ലങ്കേഷ്, ധബോൽക്കർ, കൽബുർഗിയടക്കമുള്ളവർ എന്തുകൊണ്ട് കൊല്ലപ്പെട്ടു എന്ന് ചിന്തിക്കുക.

ശൈഖ് അബ്ദുൽമുഹ്സിൻ ഇബ്നുഹമദ് അൽബദ്ർ



# ജോലിയിലെ ആത്മാർഥത

**ഉ**ദ്യോഗം ഒരു അമാനത്താണ്. ഉദ്യോഗസ്ഥൻ തന്റെ ജോലി ആത്മാർഥതയോടും താൽപര്യത്തോടും നിർവഹിച്ചാൽ ഇഹത്തിലും പരത്തിലും അവന് പ്രതിഫലം ലഭിക്കും. അല്ലാഹുവിൽനിന്നുള്ള പ്രതിഫലം കാംക്ഷിച്ച് താൽപര്യപൂർവം ജോലിയെടുക്കുന്നവൻ തന്റെ ചുമതല നിറവേറ്റിയവനും ഭൗതികമായി ജോലിക്കുള്ള കൂലി അർഹിക്കുന്നവനും പാരത്രികലോകത്തെ പ്രതിഫലം നേടി വിജയിക്കുന്നവനുമായിത്തീരും. മനുഷ്യർ ചെയ്യുന്ന കർമങ്ങൾക്കുള്ള പ്രതിഫലവും കൂലിയും ഉണ്ടാകുന്നത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നതോടൊപ്പവും പ്രതിഫലേച്ഛയോടൊപ്പവുമാണ് എന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു:

അല്ലാഹു പറഞ്ഞു: “അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. വല്ല ദാനധർമവും ചെയ്യുവാനോ, സദാചാരം കൈക്കൊള്ളുവാനോ, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുവാനോ കൽപിക്കുന്ന ആളുകളുടെ വാക്കുകളിലൊഴികെ. വല്ല

വനും അല്ലാഹുവിന്റെ പൊരുത്തം തേടിക്കൊണ്ട് അ പ്രകാരം ചെയ്യുന്നപക്ഷം അവന് നാം മഹത്തായ പ്രതിഫലം നൽകുന്നതാണ്" (സൂറതുന്നിസാഅ്: 114).

അബൂമസ്ഊദ്ﷺവിൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "വല്ലവനും തന്റെ കുടുംബത്തിന് (അല്ലാഹുവിൽനിന്ന്) പ്രതിഫലം മോഹിച്ച് ചെലവ് നൽകിയാൽ അത് അവന് സ്വദക്വഃയാണ്" (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിന്റെ റസൂൽﷺ സഅ്ദ് ഇബ്നു അബീവക്വാസ്ﷺവിനോട് പറഞ്ഞു:"അല്ലാഹുവിന്റെ പ്രീതിതേടിക്കൊണ്ട് താങ്കൾ ചെലവഴിക്കുന്ന യാതൊന്നുമില്ല; താങ്കൾക്കതിന് പ്രതിഫലം നൽകപ്പെടാതെ. എത്രത്തോളമെന്നാൽ താങ്കൾ താങ്കളുടെ ഭാര്യയുടെ വായയിൽ വെച്ചുകൊടുക്കുന്ന ഉരുളക്ക് പോലും" (ബുഖാരി, മുസ്‌ലിം).

ഒരു മുസ്‌ലിം, മറ്റുള്ളവരോട് തന്റെമേൽ നിർബന്ധമായ ബാധ്യത നിർവഹിച്ചാൽ അവന്റെ ഉത്തരവാദിത്തം അവൻ നിറവേറ്റി. എന്നാൽ പ്രതിഫലവും കൂലിയും അവൻ നേടുന്നത് അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുമ്പോഴും അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുമ്പോഴും മാത്രമാണ്. ഇതാണ് ഉപരി സൂചിത പ്രമാണ വചനങ്ങൾ അറിയിക്കുന്നത്.

**ജോലിസമയം ജോലിക്കുവേണ്ടി**

തനിക്ക് നിശ്ചയിക്കപ്പെട്ട ജോലിക്ക് നിർണയിക്കപ്പെട്ട സമയം പ്രസ്തുത ജോലിക്കായി വിനിയോഗിക്കാൻ എല്ലാ ഉദ്യോഗസ്ഥരും ജോലിക്കാരും ശ്രദ്ധിക്കേണ്ടതുണ്ട്. ആ സമയത്ത് ഇതര കാര്യങ്ങളിൽ വ്യാപൃതനായി സമയം കളയുന്നത് അമാനത്തിൽ വരുത്തുന്ന വീഴ്ചയാണ്.

തന്റെ കൂലി സമ്പൂർണമായി സ്വീകരിക്കുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നു. അത് തെല്ലും കുറക്കപ്പെടുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. അതിനാൽ ജോലിസമയം ജോലിയുടെ നന്മക്കല്ലാതെ മറ്റു കാര്യങ്ങളിൽ വിനിയോഗിച്ച് തെല്ലും കുറക്കാതിരിക്കലും അയാളുടെ ബാധ്യതയാണ്.

തങ്ങളുടെ അവകാശങ്ങൾ പൂർണമായി സ്വീകരിക്കുകയും അന്യരുടെ അവകാശങ്ങളിൽ കുറവ് വരുത്തുകയും ചെയ്യുന്ന, അളവുകളിലും തൂക്കങ്ങളിലും കൃത്രിമം കാണിക്കുന്നവരെ അല്ലാഹു ആക്ഷേപിച്ചിട്ടുണ്ട്. അല്ലാഹു പറഞ്ഞു: "അളവിൽ കുറക്കുന്നവർക്ക് മഹാനാശം. അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടുക്കുകയും ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർ വിചാരിക്കുന്നില്ലേ തങ്ങൾ എഴുന്നേൽപിക്കപ്പെടുന്നവരാണെന്ന്? ഭയങ്കരമായ ഒരു ദിവസത്തിനായിട്ട്! അതെ, ലോക രക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റ്വരുന്ന ദിവസം" (സൂറത്തുൽ മുത്വഫ്ഫിഫീൻ: 16).

**ഉദ്യോഗസ്ഥൻ തന്റെ ജോലി ആത്മാർഥതയോടും താൽപര്യത്തോടും നിർവഹിച്ചാൽ ഇഹത്തിലും പരത്തിലും അവന് പ്രതിഫലം ലഭിക്കും. അല്ലാഹുവിൽനിന്നുള്ള പ്രതിഫലം കാംക്ഷിച്ച് താൽപര്യപൂർവം ജോലിയെടുക്കുന്നവൻ തന്റെ ചുമതല നിറവേറ്റിയവനും ഭൗതികമായി ജോലിക്കുള്ള കൂലി അർഹിക്കുന്നവനും പാരത്രികലോകത്തെ പ്രതിഫലം നേടി വിജയിക്കുന്നവനുമായിത്തീരും. മനുഷ്യർ ചെയ്യുന്ന കർമങ്ങൾക്കുള്ള പ്രതിഫലവും കൂലിയും ഉണ്ടാകുന്നത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നതോടൊപ്പവും പ്രതിഫലേച്ഛയോടൊപ്പവുമാണ് എന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു.**



**ഉദ്യോഗസ്ഥനുണ്ടാകേണ്ട അടിസ്ഥാന യോഗ്യതകൾ**

ഉദ്യോഗസ്ഥനെയും ജോലിക്കാരനെയും തെരഞ്ഞെടുക്കുന്നതിൽ അടിസ്ഥാനമാക്കേണ്ടത് അയാൾ പ്രാപ്തനും (ക്വവിയ്യ്) വിശ്വസ്തനും (അമീൻ) ആവുക എന്നതാണ്. കാരണം, പ്രാപ്തിയുണ്ടെങ്കിലേ തന്നോട് ആവശ്യപ്പെട്ട ജോലി നിർവഹിക്കുവാൻ ഒരാൾക്ക് സാധിക്കൂ. അമാനത്തുകൊണ്ട് മാത്രമെ ആവശ്യപ്പെട്ടതായ ജോലി, തന്നെ ബാധ്യതാമുക്തനാക്കും വിധം ചെയ്യുവാനും അയാൾക്ക് സാധിക്കൂ. അമാനത്ത് കൊണ്ടാണ് കാര്യങ്ങൾ അതിന്റെതായ സ്ഥാനങ്ങളിൽ വെക്കാനാവുന്നതും ക്വുവ്വത് കൊണ്ടാണ് ഉത്തരവാദിത്തം നിർവഹിക്കുവാൻ സാധ്യമാകുന്നതുമെന്നും സാരം.

മൂസാ﵇ മദ്‌യൻകാരനായ വ്യക്തിയുടെ രണ്ട് പെൺമക്കൾക്ക് വെള്ളം കോരി നൽകിയപ്പോൾ അവരിൽ ഒരു പെൺകുട്ടി മൂസാ﵇യെ കുറിച്ച് പറഞ്ഞതായി അല്ലാഹു പറയുന്നു: "എന്റെ പിതാവേ, ഇദ്ദേഹത്തെ താങ്കൾ കൂലിക്കാരനായി നിർത്തുക. തീർച്ചയായും താങ്കൾ കൂലിക്കാരായി എടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ ശക്തനും വിശ്വസ്തനുമായിട്ടുള്ളവനത്രെ" (സൂറതുൽ ക്വസ്വസ്: 26).

സുലൈമാൻ നബി﵇ക്കുവേണ്ടി സബഇലെ രാജ്ഞി ബൽക്വീസിന്റെ സിംഹാസനം കൊണ്ടുവരുവാൻ സന്നദ്ധത പ്രകടിപ്പിച്ച, ജിന്ന് വർഗത്തിലെ ഇഫ്‌രീത്ത് പറഞ്ഞതായി ക്വുർആനിൽ ഇങ്ങനെ കാണാം: "അങ്ങ് അങ്ങയുടെ ഈ സദസ്സിൽ നിന്ന് എഴുന്നേൽക്കുന്നതിനുമുമ്പായി ഞാനത് അങ്ങേക്ക് കൊണ്ടുവന്നുതരാം. തീർച്ചയായും ഞാനതിന് കഴിവുള്ളവനും വിശ്വസ്തനുമാകുന്നു" (സൂറതുന്നംല്: 39).

സിംഹാസനം ചുമക്കുവാനും ഹാജരാക്കുവാനുമുള്ള കഴിവിനെയും അതിലുള്ളത് സൂക്ഷിക്കുന്നതിനെയും ഒന്നിച്ച് പറഞ്ഞു എന്ന് സാരം.

യൂസുഫ്﵇ രാജാവിനോട് പറഞ്ഞതായി അല്ലാഹു പറയുന്നു:

"താങ്കൾ എന്നെ ഭൂമിയിലെ ഖജനാവുകളുടെ അധികാരമേൽപിക്കൂ. തീർച്ചയായും ഞാൻ വിവരമുള്ള ഒരു സൂക്ഷിപ്പുകാരനായിരിക്കും" (സൂറതു യൂസുഫ്: 55).

ശക്തിയുടെയും വിശ്വാസ്യതയുടെയും വിപരീതമാണ് അശക്തിയും വഞ്ചനയും. അശക്തിയും വഞ്ചനയുമാകട്ടെ ജോലിയിൽ ആളുകളെ നിശ്ചയിക്കാതിരിക്കുവാൻ അടിസ്ഥാനവും ജോലിയിൽനിന്ന് ആളുകളെ ഒഴിവാക്കുവാനുള്ള യഥാർഥ ന്യായവുമാണ്.

ഉമർ﵁ സഅ്ദ്﵁വിനെ കൂഫയുടെ അമീറായി നിശ്ചയിച്ചപ്പോൾ അവിടത്തെ വിവരദോഷികൾ സഅ്ദ്﵁വിനെ കുറിച്ച് ആക്ഷേപം പറഞ്ഞു. ഉമർ﵁വിനോട് അദ്ദേഹത്തിനെതിരിൽ അവർ സംസാരിച്ചു. ഈ സന്ദർഭത്തിൽ അരാജകത്വം ഒഴിവാക്കുവാനും ആരും സഅദിനെ കയ്യേറ്റം ചെയ്യാതിരിക്കുവാനും ഉമർ﵁ അദ്ദേഹത്തെ കൂഫയുടെ അമീർ സ്ഥാനത്തുനിന്ന് മാറ്റുന്നതിലാണ് നന്മയെന്ന് കണ്ടു. എന്നാൽ ഉമർ﵁ മരണാസന്നനായ വേളയിൽ സ്വഹാബികളിൽനിന്ന് ആറു പേരെ ഖലീഫയെ തെരെഞ്ഞെടുക്കുവാൻ നിശ്ചയിച്ചപ്പോൾ അവരിൽ സഅദുമുണ്ടായിരുന്നു. സഅദ്﵁ ഭരണനേതൃത്വത്തിന് കൊള്ളാത്തവനായതുകൊണ്ടാണ് താൻ അദ്ദേഹത്തെ സ്ഥാനമൊഴിപ്പിച്ചതെന്ന് തെറ്റിദ്ധരിക്കപ്പെടുമെന്ന് ഉമർ﵁ ഭയന്നു. പ്രസ്തുത തെറ്റിദ്ധരിക്കപ്പെടലിനെ അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊണ്ട് നിരാകരിച്ചു:

"ഖിലാഫത്ത് സഅദിനാണ് ലഭിക്കുന്നതെങ്കിൽ സഅദായിരിക്കണം ഖലീഫ. അദ്ദേഹമല്ലെങ്കിൽ ആരാണോ ഖലീഫയായി നിശ്ചയിക്കപ്പെടുന്നത് അയാൾ സഅ്ദിനെ സഹായിയായി സ്വീകരിക്കട്ടെ. കാരണം ഞാൻ സഅദിനെ അദ്ദേഹത്തിന്റെ അശക്തത കാരണത്താലോ അദ്ദേഹം വഞ്ചന നടത്തിയതിനാലോ സ്ഥാനഭ്രഷ്ടനാക്കിയിട്ടില്ല" (ബുഖാരി).



**ഉദ്യോഗസ്ഥനെയും ജോലിക്കാരനെയും തെരഞ്ഞെടുക്കുന്നതിൽ അടിസ്ഥാനമാക്കേണ്ടത് അയാൾ പ്രാപ്തനും (ക്വവിയ്യ്) വിശ്വസ്തനും (അമീൻ) ആവുക എന്നതാണ്. കാരണം, പ്രാപ്തിയുണ്ടെങ്കിലേ തന്നോട് ആവശ്യപ്പെട്ട ജോലി നിർവഹിക്കുവാൻ ഒരാൾക്ക് സാധിക്കൂ. അമാനത്തുകൊണ്ട് മാത്രമെ ആവശ്യപ്പെട്ടതായ ജോലി, തന്നെ ബാധ്യതാമുക്തനാക്കും വിധം ചെയ്യുവാനും അയാൾക്ക് സാധിക്കൂ. അമാനത്ത് കൊണ്ടാണ് കാര്യങ്ങൾ അതിന്റേതായ സ്ഥാനങ്ങളിൽ വെക്കാനാവുന്നതും ക്വുവ്വത് കൊണ്ടാണ് ഉത്തരവാദിത്തം നിർവഹിക്കുവാൻ സാധ്യമാകുന്നതുമെന്നും സാരം.**

**തനിക്ക് നിശ്ചയിക്കപ്പെട്ട ജോലിക്ക് നിർണയിക്കപ്പെട്ട സമയം പ്രസ്തുത ജോലിക്കായി വിനിയോഗിക്കാൻ എല്ലാ ഉദ്യോഗസ്ഥരും ജോലിക്കാരും ശ്രദ്ധിക്കേണ്ടതുണ്ട്. ആ സമയത്ത് ഇതര കാര്യങ്ങളിൽ വ്യാപൃതനായി സമയം കളയുന്നത് അമാനത്തിൽ വരുത്തുന്ന വീഴ്ചയാണ്. തന്റെ കൂലി സമ്പൂർണമായി സ്വീകരിക്കുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നു. അത് തെല്ലും കുറക്കപ്പെടുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. അതിനാൽ ജോലി സമയം ജോലിയുടെ നന്മക്കല്ലാതെ മറ്റു കാര്യങ്ങളിൽ വിനിയോഗിച്ച് തെല്ലും കുറക്കാതിരിക്കലും അയാളുടെ ബാധ്യതയാണ്.**

അബൂദർറ് ﵁വിൽനിന്ന് നിവേദനം. അദ്ദേഹം ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, താങ്കൾ എന്നെ ഗവർണറായി നിശ്ചയിക്കുന്നില്ലേ?" അപ്പോൾ തിരുമേനി ﷺ തന്റെ കൈകൊണ്ട് എന്റെ ഇരു ചുമലുകളിലും തട്ടി. ശേഷം തിരുമേനി ﷺ പറഞ്ഞു: "അബൂദർറ്, താങ്കൾ ദുർബലനാണ്. നേതൃപദവിയാകട്ടെ അമാനത്തുമാണ്. അത് അന്ത്യനാളിൽ നിന്ദ്യതയും അപമാനവുമാണ്; നേതൃത്വം യഥാവിധം ഏറ്റെടുക്കുകയും അതിൽ തന്റെമേൽ ബാധ്യതയായത് നിർവഹിക്കുകയും ചെയ്തവർക്കൊഴിച്ച്" (മുസ്‌ലിം).

അബൂദർറിൽ നിന്നുള്ള മറ്റൊരു റിപ്പോർട്ടിൽ അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞതായി ഇപ്രകാരമാണുള്ളത്: "അബൂദർറ്, താങ്കളെ ഞാൻ ദുർലബനായി കാണുന്നു. എനിക്ക് ഞാൻ ഇഷ്ടപ്പെടുന്നത് താങ്കൾക്കും ഞാൻ ഇഷ്ടപ്പെടുന്നു. താങ്കൾ രണ്ടാളുകളുടെ നേതൃപദവി ഏറ്റെടുക്കരുത്. യതീമിന്റെ ധനവും ഏറ്റെടുക്കരുത്" (മുസ്‌ലിം).

**മുതിർന്നവർ ചെറിയവർക്ക് മാതൃക**

ഉത്തരവാദപ്പെട്ട മുതിർന്നവർ ചെറിയവർക്ക് കാര്യക്ഷമതയിലും അലസതയിലും ഒരുപോലെ മാതൃകയാണ്. ഉന്നത ഉദ്യോഗസ്ഥർ അവരുടെ ഉത്തരവാദിത്തങ്ങൾ പൂർണമായി നിർവഹിച്ചാൽ അവരുടെ കീഴ്ഘടകങ്ങൾ അതിൽ അവരെ അനുധാവനം ചെയ്യും. ജോലിയിലുള്ള എല്ലാ മേലാധികാരികളും തന്നെക്കുറിച്ചും തന്റെ കീഴിലുള്ളവരെക്കുറിച്ചും ചോദിക്കപ്പെടും.



അബ്ദുല്ലാഹിബ്നുഉമർ ﵁വിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു:

"നിങ്ങൾ എല്ലാവരും പ്രജാധിപന്മാരാണ്. തന്റെ പ്രജയെക്കുറിച്ച് ചോദിക്കപ്പെടുന്നവരുമാണ്. ജനങ്ങൾക്ക് നേതാവായിട്ടുള്ളവൻ അവരുടെ മേൽനോട്ടക്കാരനാണ്. അയാൾ അവരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവനാണ്. പുരുഷൻ തന്റെ കുടുംബത്തിന്റെ മേൽനോട്ടക്കാരനാണ്; അയാൾ അവരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവനാണ്. സ്ത്രീ ഭർതൃവീടിന്റെയും സന്താനങ്ങളുടെയും മേൽനോട്ടക്കാരിയാണ്. അവൾ അവരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവളാണ്. ഭൃത്യൻ തന്റെ യജമാനന്റെ സ്വത്ത് കയ്യാളുന്നവനാണ്; അയാൾ അതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവനാണ്. അറിയുക, അതിനാൽ നിങ്ങൾ എല്ലാവരും മേൽനോട്ടക്കാരാണ്. നിങ്ങൾ മേൽനോട്ടം നടത്തുന്നവരെക്കുറിച്ച് ചോദിക്കപ്പെടുന്നവരുമാണ്" (ബുഖാരി).


ഉന്നത ഉദ്യോഗസ്ഥർ ജോലികൾ അതിന്റെ മുഴുസമയങ്ങളിലും സൂക്ഷിച്ച് നിർവഹിക്കുന്നവരായാൽ അവർ തങ്ങളുടെ കീഴ്ഘടകങ്ങൾക്ക് ഉത്തമ മാതൃകയായി. ഒരു കവി പാടി:

കൽപന നൽകി നീ ചെയ്തു കാണിക്കുകിൽ

നിൻ ആജ്ഞകൾക്കെല്ലാം വഴിപ്പെടുമാളുകൾ.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com






# സ്വഹീഹുൽ ബുഖാരി: വിമർശനങ്ങളും വസ്തുതയും

**ഇസ്‌ലാമികാധ്യാപനങ്ങളെ തമസ്‌കരിക്കാനായി വിമർശകർ കണ്ടെത്തിയ മാർഗമാണ് പ്രമാണങ്ങളെ വില കുറച്ച് കാണിക്കുക എന്നത്. ക്വുർആനിനെയും ഹദീസിനെയും താരതമ്യം ചെയ്ത്, ഹദീസിനെ ഇകഴ്ത്തിയും തുടർന്ന് അതിനെ അപ്പാടെ തള്ളിക്കളഞ്ഞും വിമർശകർ ഒരുക്കിയ കെണിയിൽ അറിഞ്ഞും അറിയാതെയും മുസ്‌ലിം നാമധാരികളും ഭാഗഭാക്കായി എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് സ്വഹീഹുൽ ബുഖാരിക്കെതിരെയുള്ള അർഥരഹിതമായ ആരോപണങ്ങൾ.**

പ്രവാചകന്റെ ഹദീസുകൾക്കെതിരായ വിമർശനങ്ങൾക്ക് കുറെയേറെ പഴക്കമുണ്ട്. ഹദീസുകളെ വിമർശിക്കുന്നവർ ഹദീസ് ഗ്രന്ഥങ്ങളെയും മുഹദ്ദിസുകളെയുമാണ് പ്രഥമമായി വിമർശന ശരങ്ങൾ ഏൽപിക്കുക. അതിൽ തന്നെ സ്വഹീഹുൽ ബുഖാരിയാണ് പലരുടെയും ഒന്നാമത്തെ ലക്ഷ്യം. അതിന് പലതുണ്ട് കാരണങ്ങൾ.

മുസ്‌ലിംലോകം ഒന്നടങ്കം വിശുദ്ധ ക്വുർആൻ കഴിഞ്ഞാൽ ഏറ്റവും പ്രാമാണികമായി കണക്കാക്കുന്ന ഗ്രന്ഥമാണ് ഇമാം ബുഖാരിയുടെ സ്വഹീഹുൽ ബുഖാരി. സ്വഹീഹുൽ ബുഖാരിയിലെ ഹദീസുകൾ മുഴുവനും സ്വീകാര്യയോഗ്യ(സ്വഹീഹ്)മാണെന്നതിന് മുസ്‌ലിം സമൂഹത്തിന്റെ ഏകോപിത അഭിപ്രായം ഉള്ളതായി പണ്ഡിതൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്വഹീഹുൽ ബുഖാരിയിലും ദുർബല ഹദീസുകളുണ്ടെന്ന പിഴച്ച വാദം ചിലർ ഉന്നയിച്ചുവരുന്നുണ്ട്. ബുഖാരിയിലെ മുഴുവൻ ഹദീസുകളും സ്വീകാര്യമാണെന്ന് പറയ

ണമെങ്കിൽ അതിന് പ്രമാണം വേണമെന്നും അതിലെ മുഴുവൻ ഹദീസുകളും സ്വീകരിക്കുന്നവൻ അന്ധവിശ്വാസിയായി തീരുമെന്നുമുള്ള ചില അപശബ്ദങ്ങൾ നമ്മുടെ നാട്ടിലും ഉയർന്നുകേൾക്കുന്നുണ്ട്.


അതുകൊണ്ട് ആരാണ് ഇമാം ബുഖാരി, എന്താണ് സ്വഹീഹുൽ ബുഖാരി, അതിന് മുസ്‌ലിം ലോകത്തുള്ള സ്ഥാനമെന്താണ്, അതിലെ ഹദീസുകളെ വിമർശിക്കുന്നവർ ആരൊക്കെയാണ്, അവരുടെ ഗൂഢലക്ഷ്യങ്ങൾ എന്തൊക്കെയാണ് എന്ന് അറിഞ്ഞിരിക്കൽ നല്ലതാണ്. അത്തരം ഒരു അന്വേഷണമാണിവിടെ ഉദ്ദേശിക്കുന്നത്.

അബൂഅബ്ദില്ലാ മുഹമ്മദ് ഇബ്‌നു ഇസ്മാഈൽ അൽബുഖാരി എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്. ഖുറാസാനിലെ 'ബുഖാറ' എന്ന സ്ഥലത്ത് ഹിജ്‌റ 194ൽ ശവ്വാൽ 13ന് ജനിച്ചു. പത്താം വയസ്സിൽ തന്നെ അദ്ദേഹം ഹദീസ് പഠനം ആരംഭിച്ചു. തന്റെ ജന്മനാടായ ബുഖാറയിൽ നിന്നു തന്നെയാണ് ഇമാം ബുഖാരി(റഹി) വിജ്ഞാനത്തിന്റെ വഴിയിലേക്കുള്ള ആദ്യ കാൽവയ്പ് നടത്തുന്നത്. നാട്ടിലെ വിജ്ഞാന സമ്പാദനത്തിന് ശേഷം അറിവ് അന്വേഷിച്ച് ഇമാം ബുഖാരി(റഹി) ഹിജാസിലേക്കാണ് പോയത്. ഹിജ്‌റ 210ൽ മാതാവിനോടും സഹോദരനോടുമൊപ്പം പതിനാറാം വയസ്സിൽ ഹജ്ജിനായി മക്കയിൽ എത്തി. ഹജ്ജിന് ശേഷം അദ്ദേഹം മക്കയിൽ തന്നെ കഴിച്ചു കൂട്ടി. മക്കയിൽ നിന്നുള്ള വിജ്ഞാന സമ്പാദനമായിരുന്നു ലക്ഷ്യം. മക്കയിൽ നിന്നും വിജ്ഞാനം നേടിയ ശേഷം ഹിജ്‌റ 212 ൽ അദ്ദേഹം മദീനയിൽ എത്തി.

വിജ്ഞാനം അന്വേഷിച്ച് ഇമാം ബുഖാരി പിന്നീട് ബസ്വറയിലേക്കാണ് നീങ്ങിയത്. അതിനുശേഷം കൂഫയിലേക്കും പിന്നീട് ബാഗ്ദാദിലേക്കും യാത്ര ചെയ്തു. ബാഗ്ദാദിലെ അദ്ദേഹത്തിന്റെ ഉസ്താദുമാരിൽ ഏറ്റവും പ്രഗൽഭനാണ് ഇമാം അഹ്മദ്ബിൻ ഹമ്പൽ(റഹി).

ഏതെങ്കിലുമൊരു നാട്ടിൽ ഹദീസ് അറിയുന്ന പണ്ഡിതൻ ഉണ്ടെന്നറിഞ്ഞാൽ ആ പണ്ഡിതന്റെ അടുത്ത് ചെന്ന് പഠിക്കുകയായിരുന്നു ഇമാം ബുഖാരി (റഹി)യുടെ രീതി. 16 വർഷം കൊണ്ടാണ് അദ്ദേഹം സ്വഹീഹുൽ ബുഖാരി എന്ന ഗ്രന്ഥം തയ്യാറാക്കിയത്. അതിലെ ഓരോ ഹദീസും സ്വയം പഠിച്ചു. അതിന്റെ പരമ്പര (സനദ്) ശരിയാണെന്ന് ഉറപ്പുവരുത്തി. പിന്നീട് രണ്ടു റക്അത്ത് സുന്നത്ത് നമസ്‌കരിച്ച്, പിഴവുകൾ വരാതിരിക്കാൻ അല്ലാഹുവോടു പ്രാർഥിച്ച ശേഷമാണ് ഹദീഥുകൾ അദ്ദേഹം രേഖപ്പെടുത്തിയിരുന്നത്. ഇമാം ബുഖാരി തന്റെ ഗ്രന്ഥരചന പൂർത്തിയാക്കിയ ശേഷം ഇമാം അഹ്മദ്, ഇബ്‌നുൽ മഈൻ, ഇബ്‌നുൽ മദീനി തുടങ്ങിയ അക്കാലത്തെ ഏറ്റവും പ്രമുഖ പണ്ഡിതന്മാർക്ക് അത് വായിച്ചു കേൾപ്പിക്കുകയും അവർ അത് അംഗീകരിക്കുകയും ചെയ്തു. ഹിജ്‌റ 256ൽ അറുപത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം മരണപ്പെട്ടു.

മറ്റു ഹദീസ് ഗ്രന്ഥങ്ങളിൽനിന്ന് 'സ്വഹീഹുൽ ബുഖാരി'യെ വേർതിരിക്കുന്ന നിരവധി പ്രത്യേകതകളുണ്ട്. അദ്ദേഹത്തിന് മുമ്പ് ജീവിച്ചവരും സമകാലികരുമായ ഹദീസ് പണ്ഡിതന്മാർ സ്വീകാര്യമാണെന്ന് ഏകകണ്ഠമായി അംഗീകരിച്ച ഹദീസുകൾ മാത്രമാണ് 'സ്വഹീഹുൽ ബുഖാരി'യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഹദീസുകൾ സ്വഹാ



**അബൂഅബ്ദില്ലാ മുഹമ്മദ് ഇബ്‌നു ഇസ്മാഈൽ അൽബുഖാരി എന്നാണ് ബുഖാരിയുടെ മുഴുവൻ പേര്. ഖുറാസാനിലെ 'ബുഖാറ' എന്ന സ്ഥലത്ത് ഹിജ്‌റ 194ൽ ശവ്വാൽ 13ന് ജനിച്ചു. പത്താം വയസ്സിൽതന്നെ അദ്ദേഹം ഹദീസ് പഠനം ആരംഭിച്ചു. തന്റെ ജന്മനാടായ ബുഖാറയിൽ നിന്നു തന്നെയാണ് ഇമാം ബുഖാരി(റഹി) വിജ്ഞാനത്തിന്റെ വഴിയിലേക്കുള്ള ആദ്യ കാൽവയ്പ് നടത്തുന്നത്. നാട്ടിലെ വിജ്ഞാന സമ്പാദനത്തിന് ശേഷം അറിവ് അന്വേഷിച്ച് ഇമാം ബുഖാരി(റഹി) ഹിജാസിലേക്കാണ് പോയത്. ഹിജ്‌റ 210ൽ മാതാവിനോടും സഹോദരനോടുമൊപ്പം പതിനാറാം വയസ്സിൽ ഹജ്ജിനായി മക്കയിൽ എത്തി. ഹജ്ജിന് ശേഷം അദ്ദേഹം മക്കയിൽ തന്നെ കഴിച്ചു കൂട്ടി. മക്കയിൽ നിന്നുള്ള വിജ്ഞാന സമ്പാദനമായിരുന്നു ലക്ഷ്യം. മക്കയിൽ നിന്നും വിജ്ഞാനം നേടിയ ശേഷം ഹിജ്‌റ 212 ൽ അദ്ദേഹം മദീനയിൽ എത്തി.**

ബിയിൽനിന്ന് പ്രബലരായ രണ്ടു താബിഉകളും അവരിൽനിന്ന് ഇമാം ബുഖാരിയിൽ എത്തുന്നത് വരെയുള്ള ഘട്ടങ്ങളിൽ വിശ്വസ്തരായ രണ്ടു പ്രാമാണികരും റിപ്പോർട്ടു ചെയ്തിരിക്കണമെന്ന കർശനമായ നിബന്ധന അദ്ദേഹം പുലർത്തിയിരുന്നു. മാത്രമല്ല, റിപ്പോർട്ടു ചെയ്ത വ്യക്തിയും (റാവി) ആരിൽനിന്നാണോ റിപ്പോർട്ടു ചെയ്തത് ആ വ്യക്തിയും ഒരേ കാലത്ത് ജീവിച്ചവരാണെന്ന് മാത്രമല്ല, തമ്മിൽ കണ്ടുമുട്ടിയിട്ടുണ്ടെന്ന് കൂടി സംശയലേശമന്യെ സ്ഥാപിതമാവുകയും ചെയ്താൽ മാത്രമെ ഇമാം ബുഖാരി(റഹി) ആ റിപ്പോർട്ട് സ്വീകരിക്കുമായിരുന്നുള്ളൂ. ഇത്രയധികം സൂക്ഷ്മത പാലിച്ചതുകൊണ്ടാണ് ലോകത്തിലെ ഏറ്റവും സ്വീകാര്യമായ ഹദീസ് ഗ്രന്ഥം എന്ന ബഹുമതി നേടാൻ സ്വഹീഹുൽ ബുഖാരിക്ക് സാധിച്ചത്.

സ്വഹീഹുൽ ബുഖാരിക്ക് എൺപതിൽ അധികം വ്യാഖ്യാനങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. അവയിൽ പ്രശസ്തമായ വ്യാഖ്യാനമാണ് ഇമാം ഇബ്നുഹജർ അസ്ക്വലാനിയുടെ 'ഫത്ഹുൽ ബാരി'.

സ്വഹീഹുൽ ബുഖാരിയിലെ ഹദീസുകളെല്ലാം സ്വഹീഹാണെന്ന് പറയുമ്പോൾ ഈ ഗ്രന്ഥത്തിൽ സനദോടുകൂടി നിവേദനം ചെയ്യപ്പെട്ട ഹദീഥുകൾ മുഴുവനും സ്വഹീഹാണെന്നാണ് ഉദ്ദേശിക്കുന്നത്.

ഇങ്ങനെ ലോകത്തിലെ ഏറ്റവും സ്വീകാര്യമായ ഹദീസ് ഗ്രന്ഥമെന്ന ബഹുമതി നേടിയ സ്വഹീഹുൽ ബുഖാരിയിലും ദുർബലമായ ഹദീസുകളുണ്ടെന്നാണ് ചില പിഴച്ച കക്ഷികൾ പറയുന്നത്! സ്വഹീഹുൽ ബുഖാരിയിലെ ഹദീസുകളോടുള്ള അരിശം ഹദീസ് വിരോധികൾക്ക് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. നൂറ്റാണ്ടുകളുടെ പഴക്കം അതിനുണ്ട്. ഖവാരിജുകളിൽ തുടങ്ങി മുഅ്തസിലികളിലൂടെയും ശിയാക്കളിലൂടെയും കടന്നുവന്ന് ഇന്ന് ഇത്തരം അക്വ്ലാനികളിൽ എത്തിനിൽക്കുകയാണത്. സ്വഹീഹുൽ ബുഖാരിയിൽ പലതും കൊള്ളാത്തതുണ്ട് എന്ന് വരുത്തിത്തീർക്കലാണ് ഈ കക്ഷികളുടെയെല്ലാം ഉന്നം. ഇത്തരമൊരു അവസ്ഥയിൽ പൂർവസൂരികളുടെ അടുക്കൽ സ്വഹീഹുൽ ബുഖാരിക്ക് എന്ത് സ്ഥാനമാണുണ്ടായിരുന്നതെന്നും അതിലെ ഹദീസുകളോട് മുസ്‌ലിം ഉമ്മത്തിലെ പൗരാണികരും ആധുനികരുമായ പണ്ഡിതന്മാർ എന്തു നിലപാട് സ്വീകരിച്ചെന്നും അന്വേഷിക്കുന്നത് നന്നായിരിക്കും.

ഇമാം അബൂഇസ്ഹാക് അസ്ഫറാഈനി(റഹി) (ഹിജ്റ 18) പറയുന്നു: 'ബുഖാരിയിലെയും മുസ്‌ലിമിലെയും മുഴുവൻ ഹദീസുകളും സനദിന്റെയും (പരമ്പര) മത്നിന്റെയും (ആശയം) അടിസ്ഥാനത്തിൽ പൂർണമായും ശരിയാണെന്ന കാര്യത്തിൽ മുഹദ്ദിസുകൾ ഏകാഭിപ്രായക്കാരാണ്. ഈ അഭിപ്രായത്തിൽ യാതൊരു അഭിപ്രായ ഭിന്നതയുമില്ല' (അന്നുകത്ത് അലാ ഇബ്നിസ്സ്വലാഹ്: സർകശി, പേജ് 13).

ഇമാം ഇബ്നു സ്വലാഹ്(റഹി) പറയുന്നു: 'ബുഖാരിയും മുസ്‌ലിമും ഏകോപിച്ച് നിവേദനം ചെയ്ത ഹദീസുകളും ഒരാൾ സ്വന്തം ഉദ്ധരിച്ച ഹദീസുകളും എല്ലാം തന്നെ സ്വഹീഹാണെന്ന കാര്യം ഖണ്ഡിതമാണ്' (മുക്വദ്ദിമതു ഇബ്നു സ്വലാഹ്, പേജ് 28).

ക്വാദി അബൂയഅ്ല അൽഫറാഅ്(റഹി) പറയുന്നു: 'മുസ്‌ലിം ഉമ്മത്ത് ഏകോപിച്ച് ഒരു കാര്യം സ്വീകരിച്ചാൽ അത് കൊണ്ട് തെളിവെടുക്കൽ നിർബന്ധമാണ് (ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീസുകളെ പോലെ). കാരണം മുസ്‌ലിം സമൂഹം ഒരു തിന്മയിൽ യോജിക്കില്ല. ഉമ്മത്തിന്റെ സ്വീകരണം അവയിലുള്ളത് മുഴുവൻ സ്വഹീഹാണെന്ന കാര്യമാണ് അറിയിക്കുന്നത്' (അൽഉദ്ദ ഫീ ഉസ്വൂലിൽ ഫിക്വ്ഹ്: 3/900).

**ലോകത്തിലെ ഏറ്റവും സ്വീകാര്യമായ ഹദീസ് ഗ്രന്ഥമെന്ന ബഹുമതി നേടിയ സ്വഹീഹുൽ ബുഖാരിയിലും ദുർബലമായ ഹദീസുകളുണ്ടെന്നാണ് ചില പിഴച്ച കക്ഷികൾ പറയുന്നത്! സ്വഹീഹുൽ ബുഖാരിയിലെ ഹദീസുകളോടുള്ള അരിശം ഹദീസ് വിരോധികൾക്ക് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. നൂറ്റാണ്ടുകളുടെ പഴക്കം അതിനുണ്ട്. ഖവാരിജുകളിൽ തുടങ്ങി മുഅ്തസിലികളിലൂടെയും ശിയാക്കളിലൂടെയും കടന്നുവന്ന് ഇന്ന് ഇത്തരം അക്വ്ലാനികളിൽ എത്തിനിൽക്കുകയാണത്. സ്വഹീഹുൽ ബുഖാരിയിൽ പലതും കൊള്ളാത്തതുണ്ട് എന്ന് വരുത്തിത്തീർക്കലാണ് ഈ കക്ഷികളുടെയെല്ലാം ഉന്നം. ഇത്തരമൊരു അവസ്ഥയിൽ പൂർവസൂരികളുടെ അടുക്കൽ സ്വഹീഹുൽ ബുഖാരിക്ക് എന്ത് സ്ഥാനമാണുണ്ടായിരുന്നതെന്നും അതിലെ ഹദീസുകളോട് മുസ്‌ലിം ഉമ്മത്തിലെ പൗരാണികരും ആധുനികരുമായ പണ്ഡിതന്മാർ എന്തു നിലപാട് സ്വീകരിച്ചെന്നും അന്വേഷിക്കുന്നത് നന്നായിരിക്കും.**



പൂർണമായും സ്വീകരിക്കേണ്ടതാണെന്ന കാര്യത്തിൽ പണ്ഡിതൻമാർ ഏകോപിച്ചിരിക്കുന്നു' (അൽ മിർകാത്ത്: 1/15).

നവാബ് സ്വിദ്ദീക് ഹസൻഖാൻ(റഹി) പറയുന്നു: 'ബുഖാരിയും മുസ്‌ലിമും ഏറ്റവും സ്വഹീഹായ ഗ്രന്ഥങ്ങളാണ്. ആരെങ്കിലും അവയെ ആക്ഷേപിക്കുകയോ അവയിലെ ഹദീസുകളെ നിസ്സാരവൽക്കരിക്കുകയോ ചെയ്താൽ അവൻ മുബ്തദിഉം (നൂതനവാദി) വിശ്വാസികളുടെ മാർഗത്തിൽ നിന്ന് തെറ്റിയവനുമാണ്. മുഴുവൻ പണ്ഡിതൻമാരും തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്' (അസ്സിറാജുൽ വഹ്ഹാജ്: പേജ് 3).

അല്ലാമാ അഹ്മദ് മുഹമ്മദ് ശാകിർ(റഹി) പറയുന്നു: 'ബുഖാരിയിലെയും മുസ്‌ലിമിലെയും മുഴുവൻ ഹദീസുകളും സ്വഹീഹാണ്. ദുർബലമോ ആക്ഷേപാർഹമായതോ ആയ ഒന്നുംതന്നെ അവയിലില്ല' (അൽബാഇസുൽ ഹസീസിന്റെ ഹാശിയ: പേജ് 22).

ഇബ്നു കസീർ(റഹി) പറയുന്നു: 'അതിലുള്ളത് (സ്വഹീഹുൽ ബുഖാരിയിൽ) സ്വഹീഹാണെന്നതിലും അവ സ്വീകരിക്കണമെന്നതിലും പണ്ഡിതന്മാർ യോജിച്ചിരിക്കുന്നു.അതുപോലെ ഇസ്‌ലാമിലെ മുഴുവൻ ആളുകളും' (അൽബിദായ വന്നിഹായ).

ഇബ്നു സുബ്കി(റഹി) പറയുന്നു: 'അദ്ദേഹത്തിന്റെ (ഇമാം ബുഖാരി) ഗ്രന്ഥം അൽജാമിഉ സ്വഹീഹ് അല്ലാഹുവിന്റെ ഗ്രന്ഥം കഴിഞ്ഞാൽ ഇസ്‌ലാമിന്റെ ഏറ്റവും മഹത്തായ ഗ്രന്ഥമാകുന്നു' (ത്വബകാതുശ്ശാഫിഈയതുൽ കുബ്റാ).

അബൂഅംറ് ഇബ്നു സ്വലാഹ് (റഹി) പറയുന്നു: 'അവർ രണ്ടാളുടെയും (ഇമാം ബുഖാരി, ഇമാം മുസ്‌ലിം) ഗ്രന്ഥങ്ങൾ (സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്‌ലിം) പ്രതാപവാനായ അല്ലാഹുവിന്റെ ഗ്രന്ഥം കഴിഞ്ഞാൽ ഏറ്റവും ശരിയായ ഗ്രന്ഥങ്ങളാകുന്നു.' അതിന് ശേഷം അദ്ദേഹം പറയുകയുണ്ടായി: 'ആ രണ്ട് ഗ്രന്ഥങ്ങളിൽ ഏറ്റവും കൂടുതൽ ഉപകാരവും ശരിയായതും ഇമാം ബുഖാരിയുടെ ഗ്രന്ഥമാകുന്നു' (ഉലൂമുൽ ഹദീഥ്).

ഇമാം നവവി(റഹി) പറയുന്നു: 'പ്ര

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റഹി) പറയുന്നു: 'ക്വുർആനിന് ശേഷം ആകാശത്തിന് ചുവട്ടിൽ ബുഖാരി, മുസ്‌ലിമിനെക്കാൾ ശ്രേഷ്ഠകരമായ മറ്റൊരു ഗ്രന്ഥമില്ല' (മജ്മൂഉൽ ഫതാവാ:18/74).

ഇമാം ഇബ്നുൽ ക്വയ്യിം(റഹി) പറയുന്നു: 'അറിയുക, ശൈഖുൽ ഇസ്‌ലാം അബൂഅംറിനെ പോലെയും അദ്ദേഹത്തിന്റെ മുൻഗാമിയായ അബൂത്വാഹിറിനെ പോലെയുമുള്ള പണ്ഡിതൻമാർ പറഞ്ഞതുപോലെ ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീസുകൾ ഈ ഗണത്തിൽപെടും. അവയെ മുഹദ്ദിസുകൾ പൂർണമായും സ്വീകരിച്ച് സത്യപ്പെടുത്തിയിട്ടുണ്ട്. അവമൂലം ഖണ്ഡിതമായ ജ്ഞാനം ലഭിക്കുന്നതാണ്. അവയിലെ ഹദീസുകളെ കുറിച്ച് ഉസ്വൂലികളും അഹ്‌ലുൽ കലാമിന്റെ ആളുകളുമായ ചിലർ ചില എതിർപ്പുകൾ പറഞ്ഞത് ഒട്ടും പരിഗണനീയമല്ല. കാരണം മതകാര്യങ്ങളിലെ ഇജ്മാഉൽ പരിഗണിക്കുന്നത് മതപണ്ഡിതരുടെ വാക്കിനെയാണ്; ഇത്തരക്കാരുടെയല്ല' (മുഖ്തസ്വറുസ്സവാഇക്വിൽ മുർസല: 2/374).

ഹാഫിള് സ്വലാഹുദ്ദീൻ അൽഅലാഇ(റഹി) (ഹിജ്റ 761) പറയുന്നു: 'ബുഖാരിയിലെയും മുസ്‌ലിമിലെയും മുഴുവൻ ഹദീസുകളും സ്വഹീഹാണെന്നതിൽ മുസ്‌ലിം ഉമ്മത്തിന്റെ ഇജ്മാഅ് ഉണ്ട്' (തഹ്ക്വീക്വുൽ മുറാദ് ഫീ അന്നന്നഹ്‌യാ യക്തദി അൽ ഫസാദ്: പേജ് 114).

അല്ലാമാ അബ്ദുൽ ഫൈദ് അൽഫാരിസി(റഹി) (ഹിജ്റ 837) പറയുന്നു: 'ബുഖാരിയും മുസ്‌ലിമും യോജിച്ച് ഉദ്ധരിച്ചതോ അല്ലെങ്കിൽ ആരെങ്കിലും ഒരാൾ ഉദ്ധരിച്ചതോ ആയ മുഴുവൻ ഹദീഥുകളും സ്വഹീഹാണെന്ന കാര്യം ഖണ്ഡിതമാണ്' (ജവാഹിറുൽ ഉസ്വൂൽ: 20,21).

അല്ലാമാ മുല്ല അലിയ്യുൽ ക്വാരി(റഹി) പറയുന്നു: 'ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീസുകളെ

താപവാനായ അല്ലാഹുവിന്റെ ഗ്രന്ഥം കഴിഞ്ഞാൽ ഏറ്റവും ശരിയായ ഗ്രന്ഥങ്ങൾ രണ്ട് സ്വഹീഹുകളായ സ്വഹീഹുൽ ബുഖാരിയും സ്വഹീഹ് മുസ്‌ലിമുമാകുന്നു എന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. മുസ്‌ലിം സമുദായം അത് സ്വീകരിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. ആ രണ്ട് ഗ്രന്ഥങ്ങളിൽ ഏറ്റവും കൂടുതൽ ഉപകാരപ്രദവും ശരിയായതും ഇമാം ബുഖാരിയുടെ ഗ്രന്ഥമാകുന്നു'(സ്വഹീഹ് മുസ്‌ലിമിന്റെ വിശദീകരണത്തിന്റെ മുഖവുരയിൽ നിന്ന്).

ആധുനികനായ മുഹദ്ദിസ് ശാഹ് വലിയുല്ലാഹി അദ്ദഹ്‌ലവി(റഹി) പറയുന്നു: 'ബുഖാരിയിലെയും മുസ്‌ലിമിലെയും മുഴുവൻ ഹദീസുകളെ സംബന്ധിച്ച്, അവ പൂർണമായും സ്വഹീഹാണ് എന്നതിലും അവ രണ്ടും അതിന്റെ ഗ്രന്ഥകാരന്മാരിലേക്ക് മുതവാതിറായിത്തന്നെ എത്തിച്ചേരുന്നു എന്ന വിഷയത്തിലും മുഴുവൻ ഹദീസ് പണ്ഡിതന്മാരും യോജിച്ചിരിക്കുന്നു. ആരെങ്കിലും ആ ഗ്രന്ഥങ്ങളിലെ ഹദീസുകൾക്കെതിരെ നിസ്സാര സ്വഭാവത്തിൽ സംസാരിച്ചാൽ അവൻ പുത്തൻവാദിയും വിശ്വാസികളുടെതല്ലാത്ത മാർഗം പിൻപറ്റിയവനുമാണ്' (ഹുജ്ജത്തുല്ലാഹിൽ ബാലിഗ:1/134).

സ്വഹീഹുൽ ബുഖാരിയിൽ ഉൾപ്പെടുത്തേണ്ട ഓരോ ഹദീസും സൂക്ഷ്മമായി പഠിച്ച് അതിന്റെ പരമ്പര (സനദ്) ശരിയാണെന്ന് ഉറപ്പുവരുത്തി പിന്നീട് രണ്ടു റക്അത്ത് സുന്നത്ത് നമസ്‌കരിച്ച്, പിഴവുകൾ വരാതിരിക്കാൻ അല്ലാഹുവോടു പ്രാർഥിച്ചശേഷമാണ് അദ്ദേഹം ഹദീസുകൾ തന്റെ സ്വഹീഹിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇമാം ബുഖാരി(റഹി) തന്റെ ഗ്രന്ഥരചന പൂർത്തിയാക്കിയ ശേഷം അദ്ദേഹത്തിന്റെ സമകാലികരായ ഹദീസ് വിജ്ഞാന രംഗത്തെ കുലപതികളായ ഇമാം അഹ്മദ്ബിൻ ഹമ്പൽ(റഹി), യഹ്‌യ ബിൻ മഈൻ തുടങ്ങിയവർ ആദ്യന്തം പരിശോധിച്ചു. അവർ പറഞ്ഞ തിരുത്തുകൾ നടത്തിയ ശേഷമാണ് ഇമാം ബുഖാരി താൻ ക്രോഡീകരിച്ച കാര്യങ്ങൾ സമൂഹത്തിന് നൽകിയത്. പിന്നീട് വന്ന പണ്ഡിതന്മാരും ഹദീസ് വിജ്ഞാനത്തിന്റെ സകല മേഖലകളും മുന്നിൽ വെച്ചുകൊണ്ട് ഈ ഹദീസുകളെ പരിശോധിച്ചു. എന്നിട്ടവർ എത്തിച്ചേർന്ന അഭിപ്രായമാണ് മുകളിൽ ഉദ്ധരിച്ചത്. അഹ്‌ലുസ്സുന്നത്തിന്റെ സുസമ്മതരും തലയെടുപ്പുള്ളവരുമായ ഇമാമീങ്ങളുടെ ഈ ഉദ്ധരണികൾ തട്ടിക്കളയാൻ അവരുടെ സമകാലികരോ പിൽകാലക്കാരോ ആയ ഒരാൾക്കും കഴിയില്ല; അവർ എത്ര മഹാന്മാരാണെങ്കിലും. കാരണം, ഇവർ ഹദീസുകളിൽ അഗാധമായ പാണ്ഡിത്യമുള്ളവരും ഇൽമുൽ ഹദീസെന്ന വിജ്ഞാന ശാസ്ത്രത്തിൽ അങ്ങേയറ്റം അവഗാഹമുള്ളവരുമാണ്.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റഹി) പറയുന്നു: 'സ്വഹീഹുൽ ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീഥുകൾ അവർ രണ്ടുപോര് മാത്രമല്ല നിവേദനം ചെയ്തിട്ടുള്ളത്. മറിച്ച് എണ്ണമറ്റ പണ്ഡിതരും മുഹദ്ദിസുകളും അതിന്റെ നിവേദകരാണ്. അവരുടെ പൂർവികരും സമകാലികരും ശേഷക്കാരുമായ നിരവധിപേർ അത് നിവേദനം ചെയ്തുവെന്ന് മാത്രമല്ല അവയെ സസൂക്ഷമം പരിശോധിച്ചിട്ടുമുണ്ട്. അന്നത്തെ ഹദീസ് നിരൂപകൻമാർ നിരൂപണത്തിൽ അഗ്രേസരൻമാരായിരുന്നു. ചുരുക്കത്തിൽ, ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീഥുകളെ റിപ്പോർട്ട് ചെയ്യുന്നതിലും അതിനെ സ്വഹീഹെന്ന് വിധിയെഴുതുന്നതിലും അവർ രണ്ടുപേർ മാത്രമല്ല ഉള്ളതെന്ന് സാരം' (മിൻഹാജുസ്സുന്ന).

അല്ലാമാ സ്വിദ്ദീക് ഹസൻഖാൻ﷫ പറയുന്നു: 'ബുഖാരിയും മുസ്‌ലിമും തങ്ങൾ ഉദ്ധരിക്കുന്ന ഓരോ ഹദീസും തങ്ങളുടെ ശൈഖുമാരെക്കൊണ്ട് പരിശോധിപ്പിച്ചതിന് ശേഷമല്ലാതെ അവരുടെ ഗ്രന്ഥത്തിൽ അവയെ ചേർത്തിട്ടില്ല' (ഇത്തിഹാഫുന്നുബലാഅ്, പേജ്: 138).

ഈ വിഷയത്തിലും മുസ്‌ലിം ഉമ്മത്തിന്റെ നിലപാട് ആവർത്തിച്ച് പ്രഖ്യാപിക്കുക എന്നല്ലാതെ മറിച്ചൊരു നിലപാട് കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാ

**സ്വഹീഹുൽ ബുഖാരിയിൽ ഉൾപ്പെടുത്തേണ്ട ഓരോ ഹദീസും സൂക്ഷ്മമായി പഠിച്ച് അതിന്റെ പരമ്പര (സനദ്) ശരിയാണെന്ന് ഉറപ്പുവരുത്തി പിന്നീട് രണ്ടു റക്അത്ത് സുന്നത്ത് നമസ്‌കരിച്ച്, പിഴവുകൾ വരാതിരിക്കാൻ അല്ലാഹുവോടു പ്രാർഥിച്ചശേഷമാണ് അദ്ദേഹം ഹദീസുകൾ തന്റെ സ്വഹീഹിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇമാം ബുഖാരി(റഹി) തന്റെ ഗ്രന്ഥരചന പൂർത്തിയാക്കിയ ശേഷം അദ്ദേഹത്തിന്റെ സമകാലികരായ ഹദീസ് വിജ്ഞാന രംഗത്തെ കുലപതികളായ ഇമാം അഹ്മദ്ബിൻ ഹമ്പൽ(റഹി), യഹ്‌യബിൻ മഈൻ തുടങ്ങിയവർ ആദ്യന്തം പരിശോധിച്ചു. അവർ പറഞ്ഞ തിരുത്തുകൾ നടത്തിയ ശേഷമാണ് ഇമാം ബുഖാരി താൻ ക്രോഡീകരിച്ച കാര്യങ്ങൾ സമൂഹത്തിന് നൽകിയത്.**

**ബുഖാരിക്ക് മുമ്പ് ജീവിച്ചവരും സമകാലികരുമായ ഹദീസ് പണ്ഡിതന്മാർ സ്വീകാര്യമാണെന്ന് ഏകകണ്ഠമായി അംഗീകരിച്ച ഹദീസുകൾ മാത്രമാണ് 'സ്വഹീഹുൽ ബുഖാരി'യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഹദീസുകൾ സ്വഹാബിയിൽനിന്ന് പ്രബലരായ രണ്ടു താബിഉകളും അവരിൽനിന്ന് ഇമാം ബുഖാരിയിൽ എത്തുന്നത് വരെയുള്ള ഘട്ടങ്ങളിൽ വിശ്വസ്തരായ രണ്ടു പ്രാമാണികരും റിപ്പോർട്ടു ചെയ്തിരിക്കണമെന്ന കർശനമായ നിബന്ധന അദ്ദേഹം പുലർത്തിയിരുന്നു.**

ന ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ ആദ്യകാല സലഫീ പണ്ഡിതന്മാർ എഴുതിയ ചില വരികൾ നമുക്ക് വായിക്കാം.1950 മെയ് മാസത്തിലെ അൽമനാർ മാസികയിൽ (മൂന്നാം ലക്കം) എൻ.വി. അബ്ദുസ്സലാം മൗലവി(റഹി) എഴുതി: 'മുസ്‌ലിം ലോകത്ത് മുഴുവനും ശ്രുതിപ്പെട്ടിരിക്കുന്ന സ്വഹീഹുൽ ബുഖാരി ഇദ്ദേഹം രചിച്ചതത്രെ. ഈ കിതാബിൽ സനദോടു കൂടി നിവേദനം ചെയ്യപ്പെട്ട ഹദീസുകൾ മുസ്‌ലിം പണ്ഡിതന്മാർ ചോദ്യം ചെയ്യാതെ സ്വീകരിച്ചു വരാറുണ്ട്' (പേജ്: 11).

കെ.എൻ.എം പുറത്തിറക്കിയ 'ഹദീഥ് ഗ്രന്ഥങ്ങൾ ഒരു പഠനം' എന്ന ശൈഖ് മുഹമ്മദ് മൗലവിയുടെ കൃതിയിൽ ഇപ്രകാരം കാണാം: 'അതിലെ (സ്വഹീഹുൽ ബുഖാരിയിലെ) മുസ്നദായ (സനദോടുകൂടി പറയുന്ന) ഹദീഥുകളെല്ലാം സ്വഹീഹും ലക്ഷ്യത്തിനു പറ്റുന്നതുമാകുന്നു' (പേജ്: 10).

ഇവിടെ സ്വാഭാവികമായും ചില സംശയങ്ങളും ഉയർന്നു വരാം. ബുഖാരിയിലെ ചില ഹദീഥുകളെ ചിലർ വിമർശിച്ചിട്ടുണ്ടെന്നത് ശരിയല്ലേ? വിമർശിച്ചെന്നത് ശരിയാണ്. എന്നാൽ ആ വിമർശനങ്ങൾ എത്രമാത്രം ശരിയാണെന്നാണ് നാം മനസ്സിലാക്കേണ്ടത്. ഇമാം ദാറക്വുത്നി, ഇമാം നസാഈ എന്നിവർ ബുഖാരിയിലെ ചില ഹദീസുകളെ സനദിന്റെ അടിസ്ഥാനത്തിൽ വിമർശിച്ചെന്നത് ശരിയാണ്. എന്നാൽ ബുഖാരിക്കെതിരെയുള്ള മുഴുവൻ വിമർശനങ്ങൾക്കും സമ്പൂർണ മറുപടികൾ പണ്ഡിതൻമാർ നൽകിയിട്ടുണ്ട്. വിമർശനങ്ങളെ ആറ് ഭാഗങ്ങളായി തിരിച്ച് അവയ്ക്ക് ഓരോന്നിനും ഇബ്നു ഹജർ അസ്ക്വലാനി(റഹി) മറുപടി പറയുകയും വിമർശനങ്ങൾ ശരിയല്ലെന്ന് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. (ഹദ്‌യുസ്സാരി: 346-484)

ഇബ്നു ഹജർ അസ്ക്വലാനി(റഹി) പറയുന്നു: 'ഇമാം ദാറക്വുത്നി ബുഖാരിയിലെ ചില ഹദീസുകളെ വിമർശിച്ചിട്ടുണ്ട്. എന്നാൽ അത്തരം വിമർശനങ്ങളെല്ലാം തന്നെ മുഹദ്ദിസുകളുടെ നിയമത്തിനെതിരും വളരെ ദുർബലവും ഭൂരിപക്ഷത്തിന്റെ നിലപാടിന് വിരുദ്ധവുമാണ്' (ഹദ്‌യുസ്സാരി:346).

ഇമാം നവവി(റഹി) പറയുന്നു: 'ബുഖാരിയും മുസ്‌ലിമും തങ്ങളുടെ ഗ്രന്ഥങ്ങളിൽ തെളിവ് പിടിച്ച ആളുകളെ ചിലർ വിമർശിച്ചത് അവ്യക്തവും ദുർബലവുമാണ്' (ശറഹുമുസ്‌ലിം:1/25).

ബുഖാരിക്കും മുസ്‌ലിമിനും എതിരെയുള്ള ദാറക്വുത്നിയുടെ വിമർശനങ്ങൾ ഒന്നുപോലും ശരിയല്ലെന്ന് ഇമാം ഖത്വീബ് ബാഗ്ദാദി (റഹി) (ക്വവാഇദുതഹ്ദീസ്:190), ഇമാം സൈലഇ (റഹി) (നസ്ബുർറായ:1/381), ഇമാം അലാഇ (റഹി) (ജാമിഉ തഹ്സീൽ, പേജ്:81), ഇമാം ശൗകാനി (റഹി) (ഖത്റുൽ വലിയ്യ, പേജ്:230), അല്ലാമാ ഇബ്നു ദഖീഖ് അൽ ഈദ് (റഹി) (ഇഖ്തിറാഹ്:325), അല്ലാമാ ബദ്റുദ്ദീനുൽ ഐനി (റഹി) (ഉംദത്തുൽ ക്വാരി:1/1819, 2/54, 4/147, 10/120) എന്നിവർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ വിഷയത്തിലും മുസ്‌ലിം ഉമ്മത്തിന്റെ നിലപാട് തന്നെയാണ് കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനത്തിനുമുള്ളത്. 1972 ഫെബ്രുവരി മാസത്തിലെ അൽമനാറിൽ ശൈഖ് മുഹമ്മദ് മൗലവി എഴുതിയ ഒരു ലേഖനത്തിന്റെ തലവാചകം തന്നെ 'സ്വഹീഹുൽ ബുഖാരി സ്ഥിരപ്പെട്ട നബിവചനങ്ങളുടെ വിലപ്പെട്ട സമാഹാരം' എന്നായിരുന്നു. പ്രസ്തുത ലേഖനത്തിൽ ഇപ്രകാരം കാണാം: 'ദിവ്യവചനങ്ങളായ പരിശുദ്ധ ക്വുർആനിന് ശേഷം ഏറ്റവും സ്വീകാര്യവും സ്വഹീഹുമായ ഹദീസ് ശേഖരം, അതത്രെ സ്വഹീഹുൽ ബുഖാരി. സ്വഹീഹുൽ ബുഖാരിയുടെ സ്വീകാര്യതയും പാവനത്വവും അംഗീകരിക്കാത്ത ഒരൊറ്റ പണ്ഡിതനും മുസ്‌ലിം ലോകത്തുണ്ടായിട്ടില്ല. സ്വഹീഹുൽ ബുഖാരിയെപ്പറ്റി ഒട്ടേറെ ആക്ഷേപങ്ങളുണ്ട്. എല്ലാം ഈയിടെ പൊങ്ങിവന്നവ. യുക്തിയുടെ പേരിൽ സ്വന്തം അഭിപ്രായങ്ങൾക്കും തോന്നലുകൾക്കും യോജിക്കാത്തതെല്ലാം തള്ളിപ്പറയുന്ന കുത്സിത ബുദ്ധികൾ ഞൊടിഞ്ഞുണ്ടാക്കുന്ന കള്ളപ്രചാരണങ്ങൾ വാസ്തവത്തിൽ മറുപടിയേ അർഹിക്കുന്നില്ല. ഇക്കൂട്ടത്തിൽ സ്വഹീഹുൽ ബുഖാരിയെ പറ്റിയുള്ള ആക്ഷേപങ്ങളും പെടുത്താം. തന്റെ ചില നിഗമനങ്ങളോട് വിയോജിച്ചതിനാൽ മാത്രം സ്വഹീഹുൽ ബുഖാരി തോട്ടിലെറിയണമെന്നു പറയുന്നവർ, നാടുനീളെ നാക്കിട്ടടിച്ചു നടക്കുന്നവർ ഇന്നും നമ്മുടെ സമൂഹത്തിലുണ്ട്.' ●

മൂസ സ്വലാഹി, കാര
mail@nerpatham.com

ചരിത്രപഥം




# ലാഭം കൊതിക്കുക; നഷ്ടത്തെ ഭയക്കുക

ലാഭം, നഷ്ടം എന്നീ പദങ്ങൾ ഏവർക്കും ഏറെ സുപരിചിതമാണ്. ഇതിൽ ആദ്യത്തേതിനെ എല്ലാവരും ഇഷ്ടപ്പെടുന്നുവെങ്കിൽ രണ്ടാമത്തേതിനെ പാടെ വെറുക്കുന്നു എന്നതാണ് മനുഷ്യപ്രകൃതി. ഏതു മേഖലയിലും ലാഭം കൊതിക്കാത്തവരായി ആരുണ്ട്? ഒരു വിദ്യാർഥി പഠനമേഖലയിലെ ഉയർച്ചയിൽ ലാഭം മാത്രമാണ് പ്രതീക്ഷിക്കുന്നത്. ഏത് ഉൽപന്നവും ഉൽപാദിപ്പിക്കുന്നവരുടെയും എല്ലാ കച്ചവടക്കാരുടെയു ലക്ഷ്യവും ലാഭം തന്നെ. ലാഭം കിട്ടിയാൽ വലിയ സന്തോഷം. നഷ്ടം സംഭവിച്ചാൽ കടുത്ത സങ്കടവും.

ഇതെല്ലാം ഭൗതികമായ കാര്യങ്ങൾ. ഇസ്‌ലാം പഠിപ്പിക്കുന്ന ഏറെ ലാഭകരമായ കച്ചവടവും കൃഷിയുമുണ്ട്. അത് ഇഹലോകത്ത് ചെയ്യേണ്ടവയാണ്. അതിന്റെ ലാഭം കിട്ടുന്നതോ പരലോകത്തും. ഇസ്‌ലാമിക പ്രബോധനം ഇത്തരത്തിൽ പരലോകത്ത് വമ്പിച്ച ലാഭം നേടാൻ കഴിയുന്ന ഒന്നാണ്. പ്രബോധനപ്രവർത്തനങ്ങൾ നടത്തുന്ന കൂട്ടായ്മകൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. എന്നാൽ അവയിലെല്ലാം നേര് എത്രത്തോളമുണ്ട് എന്ന പരിശോധന ആവശ്യമാണ്. സത്യത്തിലേക്കുള്ള ക്ഷണം വിശ്വാസികളുടെ ബാധ്യതയാണ്. അതിനായുള്ള കൂട്ടായ്മയിൽ വിശ്വാസി ഭാഗഭാക്കാവേണ്ടതുണ്ട്. ഇത്തരമൊരു ഉത്തരവാദിത്തം തന്നിൽ അർപ്പിതമാണ് എന്ന് ആദ്യം തിരിച്ചറിയണം. ഭൗതിക

മായ യാതൊന്നും ഈ ഉത്തരവാദിത്ത നിർവഹണത്തിന് തടസ്സമായിക്കൂടാ. സമയവും സമ്പത്തും ആരോഗ്യവുമെല്ലാം ദഅ്‌വത്തിനായി ഉപയോഗിച്ചാൽ പരലോകവിജയമാകുന്ന ലാഭം നേടാമെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. ദഅ്‌വത്തുമായി ബന്ധപ്പെട്ട് വിശുദ്ധ ക്വുർആനും പ്രവാചകവചനങ്ങളും ഉണർത്തുന്ന കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ എക്കാലഘട്ടത്തിലും ദഅ്‌വത്തിനുള്ള പ്രാധാന്യവും അതിന് ലഭിക്കുന്ന അളവറ്റ പ്രതിഫലവും നമുക്ക് വ്യക്തമാകും.

**ദഅ്‌വത്ത് നരകമോചനത്തിന്**

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, വേദനാജനകമായ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കണം. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീരങ്ങൾ കൊണ്ടും നിങ്ങൾ സമരം ചെയ്യുകയും വേണം. അതാണ് നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്. നിങ്ങൾ അറിവുള്ളവരാണെങ്കിൽ. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും താഴ്ഭാഗത്ത്കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിലും, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളിലെ വിശിഷ്ടമായ വസതികളിലും അവൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അതത്രെ മഹത്തായ ഭാഗ്യം" (61:10-12).

അല്ലാഹുവിലും റസൂലിലും വിശ്വസിക്കുക, സമ്പത്ത് കൊണ്ടും ശരീരം കൊണ്ടും റബ്ബിന്റെ മാർഗത്തിൽ ധർമസമരം ചെയ്യുക തുടങ്ങിയ 'കച്ചവട'ത്തിന് ലഭിക്കുന്ന ലാഭം നരകത്തിൽനിന്നു രക്ഷയും പാപങ്ങൾ പൊറുക്കപ്പെടലും സ്വർഗപ്രവേശവുമാണെന്ന് ഈ സൂക്തങ്ങൾ അറിയിക്കുന്നു.

ശൈഖ് നാസ്വിറുസ്സഅ്ദി ഈ വചനങ്ങളുടെ വിശദീകരണത്തിൽ പറയുന്നു: "വിശ്വസിക്കേണ്ട കാര്യങ്ങളിൽ അല്ലാഹു കൽപിച്ചതുപോലെ ഉറച്ചു വിശ്വസിക്കലും അവയവങ്ങൾകൊണ്ട് (പ്രവർത്തിക്കേണ്ട കാര്യങ്ങൾ) പ്രവർത്തിക്കലും വിശ്വാസത്തിന്റെ പൂർണതയാണ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ് അവയവങ്ങളുടെ പ്രവർത്തനത്തിൽ പെട്ടതാണ്. അല്ലാഹുവിന്റെ ദീനിനെ സഹായിക്കുക, അവന്റെ വചനത്തെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഇസ്‌ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കാൻ നിങ്ങളുടെ ശരീരവും സമ്പത്തും നിങ്ങൾ ചെലവഴിക്കുക" (തഫ്സീറുസ്സഅ്ദി, പേജ്: 1014).

അല്ലാഹു പറയുന്നു:"അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാൻമാർ" (49:15).

ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ ശൈഖ് സഅ്ദി പറയുന്നു: "ഈമാനും അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദും ഒരുമിപ്പിച്ച് ഒരാൾ ശത്രുവിനോട് പോരാടിയാൽ അവന്റെ ഹൃദയത്തിലുള്ള വിശ്വാസത്തിന്റെ പൂർണതയെ അത് അറിയിക്കുന്നു" (തഫ്സീറുസ്സഅ്ദി, പേജ് 947).

ആദർശരംഗത്ത് വൻവീഴ്ചകൾ പറ്റിയ പല വിഭാഗവും നമ്മുടെ നാട്ടിലുണ്ട്. അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവനോടുമാത്രം പ്രാർഥിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന ആദർശമാണ്. ഇതിന് വിപരീതമായി പ്രവർത്തിക്കുകയും ശിർക്ക് പ്രചരിപ്പിക്കുകയും ചെയ്യുന്നവർ... ഇസ്‌ലാമിനെ കേവല രാഷ്ട്രീയ പ്രസ്ഥാനമായി കാണുന്നവർ... പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചും പരിഹസിച്ചും നടക്കുന്നവർ... എല്ലാവരും അവകാശപ്പെടുന്നത് തങ്ങൾ സത്യസന്ധമായി ദഅ്‌വത്ത് ചെയ്യുന്നവരാണ് എന്നാണ്. എന്നാൽ യഥാർഥ ഈമാനിന്റെ അഭാവത്തിൽ അതിനൊന്നും യാതൊരു വിലയുമില്ലെന്നാണ് ഉപരിസൂചിത ആയത്തുകൾ പഠിപ്പിക്കുന്നത്.

**ദഅ്‌വത്ത് ശാശ്വത നഷ്ടത്തിൽനിന്ന് രക്ഷനേടാൻ**

അല്ലാഹു പറയുന്നു: "കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (103:1-3).

ശൈഖ് സഅ്ദി ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: "ആദ്യത്തെ രണ്ടു കാര്യങ്ങൾ മനുഷ്യൻ അവനുവേണ്ടി പൂർത്തിയാക്കണം. അവസാ

**ഭൗതികമായ കാര്യങ്ങൾ. ഇസ്‌ലാം പഠിപ്പിക്കുന്ന ഏറെ ലാഭകരമായ കച്ചവടവും കൃഷിയുമുണ്ട്. അത് ഇഹലോകത്ത് ചെയ്യേണ്ടവയാണ്. അതിന്റെ ലാഭം കിട്ടുന്നതോ പരലോകത്തും. ഇസ്‌ലാമിക പ്രബോധനം ഇത്തരത്തിൽ പരലോകത്ത് വമ്പിച്ച ലാഭം നേടാൻ കഴിയുന്ന ഒന്നാണ്. പ്രബോധനപ്രവർത്തനങ്ങൾ നടത്തുന്ന കൂട്ടായ്മകൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. എന്നാൽ അവയിലെല്ലാം നേര് എത്രത്തോളമുണ്ട് എന്ന പരിശോധന ആവശ്യമാണ്. സത്യത്തിലേക്കുള്ള ക്ഷണം വിശ്വാസികളുടെ ബാധ്യതയാണ്. അതിനായുള്ള കൂട്ടായ്മയിൽ വിശ്വാസി ഭാഗഭാക്കാവേണ്ടതുണ്ട്.**

നത്തെ രണ്ടുകാര്യങ്ങൾ മറ്റുള്ളവർക്കുവേണ്ടി പൂർത്തിയാക്കണം. ഈ നാലു കാര്യങ്ങൾ പൂർത്തിയായാൽ മനുഷ്യൻ നഷ്ടത്തിൽനിന്ന് രക്ഷപ്പെടുകയും മഹത്തായ ലാഭംകൊണ്ട് വിജയിക്കുകയും ചെയ്യും" (തഫ്സീറുസ്സഅദി, പേജ്: 1103).

## പ്രവാചകന്മാർ നിർവഹിച്ച ദൗത്യം

പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത് അവർ നിയോഗിക്കപ്പെട്ട ജനവിഭാഗങ്ങൾക്കിടയിൽ പ്രബോധനം നടത്താനാണ്. സ്വർഗം നേടാനുള്ള മാർഗം, നരകത്തിൽ അകപ്പെടാതിരിക്കാനുള്ള കാര്യങ്ങൾ, സ്രഷ്ടാവിനെ മാത്രം ആരാധിക്കേണ്ടതിന്റെ അനിവാര്യത തുടങ്ങിയ അടിസ്ഥാനപരമായ കാര്യങ്ങളാണ് പ്രവാചകന്മാരഖിലവും പ്രഥമമായി പ്രബോധനം ചെയ്തത്. 'എന്റെ സമൂഹമേ, നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക; അവനിൽ യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്' എന്ന് എല്ലാ നബിമാരും ജനങ്ങളെ ഉണർത്തി.

നൂഹ്നബി عليه السلام: "അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളെ, തീർച്ചയായും ഞാൻ നിങ്ങൾക്കു വ്യക്തമായ താക്കീതുകാരനാകുന്നു. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. എങ്കിൽ അവൻ നിങ്ങൾക്കു നിങ്ങളുടെ പാപങ്ങളിൽ ചിലത് പൊറുത്തുതരികയും, നിർണയിക്കപ്പെട്ട ഒരു അവധിവരെ നിങ്ങളെ നീട്ടിയിടുകയും ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ അവധി വന്നാൽ അത് നീട്ടിക്കൊടുക്കപ്പെടുകയില്ല. നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനതയെ രാവും പകലും ഞാൻ വിളിച്ചു.എന്നിട്ട് എന്റെ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുക മാത്രമേ ചെയ്തുള്ളു" (71:2-6).

950 വർഷക്കാലം നൂഹ് നബി عليه السلام ദഅ്വത്ത് നടത്തി. വിമർശനങ്ങളും എതിർപ്പുകളും പരിഹാസങ്ങളുമൊന്നും അദ്ദേഹത്തെ തളർത്തിയില്ല.

ഇബ്റാഹീം നബി عليه السلام: അല്ലാഹു പറയുന്നു: "അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ പിതാവേ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു? എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗം കാണിച്ചുതരാം"(19:42,43).

ഭരണാധികാരിയും സ്വപിതാവും അദ്ദേഹത്തിനെതിരായി. കടുത്ത പരീക്ഷണങ്ങൾ. പക്ഷേ, അദ്ദേഹം റബ്ബിലേക്ക് ക്ഷണിക്കുന്നതിൽനിന്ന് പിൻമാറിയില്ല.

ഈസാ നബി عليه السلام: അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിരിക്കുക. മർയമിന്റെ മകൻ ഈസാ അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട് എന്ന് ഹവാരികളോട് ചോദിച്ചതു പോലെ. ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. അപ്പോൾ ഇസ്റാഈൽ സന്തതികളിൽ പെട്ട ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട് വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരിൽ നാം പിൻബലം നൽകുകയും അങ്ങനെ അവൻ മികവുറ്റവരായിത്തീരുകയും ചെയ്തു"(61:14).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നുകഥീർ(റഹി) പറയുന്നു: "അല്ലാഹു വിശ്വാസികളായ തന്റെ അടിമകളോട് കൽപിക്കുന്നു; അവരുടെ എല്ലാ അവസ്ഥകളിലും വാക്കുകൾ കൊണ്ടും പ്രവൃത്തികൊണ്ടും ശരീരംകൊണ്ടും സമ്പത്ത്കൊണ്ടും അല്ലാഹുവിന്റെ സഹായികളായിത്തീരാനും ഈസാനബി عليه السلام യുടെ സഹായികൾ വിളിക്ക് ഉത്തരം നൽകിയപോലെ അല്ലാഹുവിന്റെയും റസൂലിന്റെയും വിളിക്ക് ഉത്തരം നൽകാനും" (ഇബ്നുകഥീർ 4/430).

ശൈഖ് നാസ്വിറുസ്സഅദി പറയുന്നു: "അതായത് വാക്കുകൾകൊണ്ടും പ്രവൃത്തികൾ കൊണ്ടും. അത് അല്ലാഹുവിന്റെ ദീൻ നിലനിർത്തലും നിലനിർത്താനുള്ള ആഗ്രഹവും മറ്റുള്ളവർക്ക് അത് എത്തിച്ചുകൊടുക്കലുമാണ്. ശരീരംകൊണ്ടും സമ്പത്ത്കൊണ്ടും അതിന്റെ ശത്രുക്കളോട് പോരാടലുമാണ്. ഒരാൾ മതത്തിന്റെ തെളിവുകളെ തള്ളിക്കളഞ്ഞ്, സത്യത്തെ എതിർത്ത്, തനിക്കുണ്ടെന്ന് വാദിക്കുന്ന അറിവുകൊണ്ട് നിരർഥകതയെ സഹായിച്ചാൽ അവനെ സൂക്ഷിക്കണം. അല്ലാഹുവിന്റെ കിതാബും അവന്റെ റസൂലിന്റെ ചര്യയും പഠിക്കലും അതിന് പ്രേരണ നൽകലും നന്മ കൽപിക്ക

**ആദർശരംഗത്ത് വൻവീഴ്ചകൾ പറ്റിയ പല വിഭാഗവും നമ്മുടെ നാട്ടിലുണ്ട്. അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവനോടുമാത്രം പ്രാർഥിക്കുക എന്നത് ഇസ്ലാമിന്റെ അടിസ്ഥാന ആദർശമാണ്. ഇതിന് വിപരീതമായി പ്രവർത്തിക്കുകയും ശിർക്ക് പ്രചരിപ്പിക്കുകയും ചെയ്യുന്നവർ... ഇസ്ലാമിനെ കേവല രാഷ്ട്രീയ പ്രസ്ഥാനമായി കാണുന്നവർ... പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചും പരിഹസിച്ചും നടക്കുന്നവർ... എല്ലാവരും അവകാശപ്പെടുന്നത് തങ്ങൾ സത്യസന്ധമായി ദഅ്വത്ത് ചെയ്യുന്നവരാണ് എന്നാണ്.**

ലും തിന്മ വിരോധിക്കലും അല്ലാഹുവിന്റെ ദീനിനെ സഹായിക്കലാണ്" (തഫ്സീറുസ്സഅദി, പേജ് 1015).

മുഹമ്മദ് നബിﷺ: അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ" (12:108).

ശൈഖ് സഅദി പറയുന്നു: "അതായത് ഞാൻ ക്ഷണിക്കുന്നതായ എന്റെ വഴി. അത് അല്ലാഹുവിലേക്കും സ്വർഗത്തിലേക്കും എത്തിക്കുന്ന വഴിയാണ്. അടിമകൾക്ക് അവരുടെ റബ്ബിലേക്ക് എത്താനുള്ള പ്രേരണയും താൽപര്യവും ഞാൻ നൽകുന്നു..." (തഫ്സീറുസ്സഅദി, പേജ് 470).

അല്ലാഹു പറയുന്നു: "നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്" (33:45,46).

തങ്ങളാൽ കഴിയുന്ന നിലക്ക് ദഅ്വത്ത് നടത്തേണ്ടതിന്റെ ആവശ്യകതയും അനിവാര്യതയും അറിയിക്കുന്ന ഒരു ഹദീസ് കാണുക: ഇബ്നുമസ്ഊദി(റ)ൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: "എനിക്കു മുമ്പ് നിയോഗിക്കപ്പെട്ട എല്ലാ നബിമാർക്കും അവരുടെ സമുദായത്തിൽനിന്നും അവരുടെ കൽപനകളെ അനുസരിക്കുകയും ചര്യ പിൻപറ്റുകയും ചെയ്യുന്ന ഹവാരിയ്യുകളും കൂട്ടാളികളും ഉണ്ടായിട്ടുണ്ട്. എന്നാൽ അവർക്കുശേഷം പ്രവർത്തിക്കാത്തത് പറയുകയും കൽപിക്കപ്പെടാത്തത് പ്രവർത്തിക്കുകയും ചെയ്യുന്ന തലമുറ ഉടലെടുത്തു. അവരോട് ആരെങ്കിലും കൈകൊണ്ട് സമരം നടത്തിയാൽ അവൻ വിശ്വാസിയാണ്. ഹൃദയംകൊണ്ട് സമരം നടത്തുന്നവനും വിശ്വാസിയാണ്. അതിനപ്പുറം കടുക്മണിയോളം ഈമാനില്ല" (മുസ്‌ലിം).

## ദഅ്വത്ത് വിശ്വാസികളിലൂടെ നിലനിൽക്കേണ്ടത്

അല്ലാഹു പറയുന്നു: "നൻമയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ"(3:104).

ശൈഖ് നാസ്വിറുസ്സഅദി പറയുന്നു: "അല്ലാഹുവിന്റെ സൃഷ്ടികളെ അവന്റെ ദീനിലേക്ക് വഴിനടത്തുന്ന, അവന്റെ മാർഗത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രതിരോധസംഘം നിങ്ങളിൽനിന്ന് ഉണ്ടാകട്ടെ എന്ന, വിശ്വാസികൾക്കുള്ള നിർദേശമാണിത്.

**പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത് അവർ നിയോഗിക്കപ്പെട്ട ജനവിഭാഗങ്ങൾക്കിടയിൽ പ്രബോധനം നടത്താനാണ്. സ്വർഗം നേടാനുള്ള മാർഗം, നരകത്തിൽ അകപ്പെടാതിരിക്കാനുള്ള കാര്യങ്ങൾ, സ്രഷ്ടാവിനെ മാത്രം ആരാധിക്കേണ്ടതിന്റെ അനിവാര്യത തുടങ്ങിയ അടിസ്ഥാനപരമായ കാര്യങ്ങളാണ് പ്രവാചകന്മാരഖിലവും പ്രഥമമായി പ്രബോധനം ചെയ്തത്.**

ഇതിൽ പണ്ഡിതരും മതം പഠിപ്പിക്കുന്നവരും ഇതര മതസ്ഥരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നവരും ഉപദേശകരും വ്യതിയാനം സംഭവിച്ചവരെ യാഥാർഥ്യത്തിലേക്ക് വിളിക്കുന്നവരും അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവരും ഉൾപെടുന്നു" (തഫ്സീറുസ്സഅദി, പേജ് 149).

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്"(9:71).

അബൂസഈദുൽ ഖുദ്‌രി(റ)വിൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: "നിങ്ങളിൽ ആരെങ്കിലും ഒരു നിഷിദ്ധകാര്യം കണ്ടാൽ തന്റെ കൈകൊണ്ട് അതിനെ തടയട്ടെ. അതിന് സാധ്യമല്ലെങ്കിൽ തന്റെ നാവുകൊണ്ട്. അതിനും സാധ്യമല്ലെങ്കിൽ ഹൃദയംകൊണ്ട്. അത് ഈമാനിന്റെ ഏറ്റവും ദുർബലമായ അവസ്ഥയാണ്" (മുസ്‌ലിം).

## ദഅ്വത്ത് നടത്തുന്നവൻ ഏറ്റവും നല്ല വാക്ക് പറയുന്നവൻ

അല്ലാഹു പറയുന്നു: "അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?"(41:33).

നബിﷺ പറഞ്ഞു: "ഒരു നല്ല കാര്യത്തിന് പ്രേരണ നൽകുന്നവന്ന് അത് പ്രവർത്തിക്കുന്നവരുടെ പ്രതിഫലം പോലുള്ളത് ഉണ്ടായിരിക്കും" (മുസ്‌ലിം).

ഈ പ്രാധാന്യം ഉൾക്കൊണ്ടായിരിക്കണം പ്രബോധനം നടത്തേണ്ടത്. ആദർശം കൈവിട്ടും ആദർശത്തിനെതിരായും നടത്തുന്ന ദഅ്വത്ത് ഒരിക്കലും യഥാർഥ ദഅ്വത്താകില്ല എന്നും മനസ്സിലാക്കുക.

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com





# മദീനയിലേക്കുള്ള പലായനത്തിന്റെ ഗുണഫലങ്ങൾ

നബിﷺയുടെയും അനുചരന്മാരുടെയും മദീനയിലേക്കുള്ള പലായനം (ഹിജ്‌റ) വലിയ വിജയം തന്നെയായിരുന്നു. ബഹുദൈവവിശ്വാസത്തിന്റെ കൊടിമരങ്ങൾ അതിലൂടെ തകർന്നടിഞ്ഞു. വലിയ വലിയ ലക്ഷ്യങ്ങൾ യാഥാർഥ്യമായി. ഇസ്‌ലാമിക ചരിത്രത്തിനു തന്നെ തുടക്കം കുറിക്കാനുള്ള ഒരു മൂലബിന്ദുവായിരുന്നു നബിﷺയുടെ ഹിജ്‌റ. ഹിജ്‌റയുടെ ഗുണഫലങ്ങളിലെ അൽപം ചില കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.

1) കാലങ്ങളായി ക്വുറൈശികൾ കാത്തുസൂക്ഷിച്ച അവരുടെ ശക്തിയുടെയും പദവികളുടെയും മാനദണ്ഡങ്ങൾ ഹിജ്‌റക്ക് ശേഷം തകർന്നടിഞ്ഞു. ക്വുറൈശികളുടെ സ്ഥാനങ്ങളും അധികാരങ്ങളും ഒന്നിനു പുറകെ മറ്റൊന്നായി നശിച്ചുകൊണ്ടിരുന്നു.

2) ക്വുറൈശികൾക്കിടയിൽ ഭിന്നതകൾ ഉണ്ടായി. അവർ പരസ്പരം യുദ്ധം ചെയ്തു. അവരുടെ ഐക്യം ഛിദ്രതയിലേക്കെത്തി. അവരിൽ പല ആളുകളും മദീനയിലേക്ക് രഹസ്യമായി ഓടിപ്പോവുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

3) ഇസ്‌ലാമിക പ്രബോധനത്തിന് മുമ്പിൽ ക്വുറൈശികൾ ഒരു തടസ്സമായിരുന്നു. എന്നാൽ ഹിജ്‌റയോടു കൂടി മുസ്‌ലിംകളുടെ മനസ്സുകളിൽ നിന്നും ആ ഭയം ഇല്ലാതെയായി. മുസ്‌ലിംകളുടെ മാത്രമല്ല എല്ലാ അറബികളുടെയും മനസ്സുകളിൽനിന്ന് ക്വുറൈശികൾക്കുള്ള സ്ഥാനം നഷ്ടപ്പെട്ടു. അറബികൾ മുഹമ്മദ് നബിﷺയിലേക്ക് അനുകമ്പയുടെ നോട്ടം തുടങ്ങുകയും അവരെല്ലാവരും കൂട്ടം കൂട്ടമായി ഇസ്‌ലാമിലേക്ക് കടന്നുവരികയും ചെയ്തു. വ്യത്യസ്ത അറബി ഗോത്രങ്ങൾ വിവിധ ഭാഗങ്ങളിൽ നിന്ന് നബിയുടെ അടുക്കലേക്ക് വരികയും അനുസരണ പ്രതിജ്ഞ ചെയ്യുകയും ചെയ്തു.

4) ഹിജ്‌റയോടു കൂടി മദീനയുടെ സ്ഥാനം ഉയർന്നു. എല്ലാ ദൃഷ്ടികളും മദീനയിലേക്കായി. ഇസ്‌ലാമിന്റെ കേന്ദ്രവും തലസ്ഥാനവുമായി മാറി മദീന. മദീനയുടെ മടിത്തട്ടിലാണ് വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ട ഒന്നാമത്തെ സംഘം ജനനം കൊണ്ടത്. ഈ മദീനയിൽ നിന്നാണ് ഇസ്‌ലാമിക പ്രബോധനം പാറിപ്പറക്കാൻ തുടങ്ങിയത്. അങ്ങനെ മദീനയുടെ പതാകയുടെ കീഴിൽ എല്ലാ അറേബ്യൻ രാജ്യങ്ങളും കീഴടങ്ങി.

5) മദീനയിലേക്കുള്ള ഹിജ്‌റയോടു കൂടി ഒരു ഇസ്‌ലാമിക സമൂഹം നിലവിൽ വന്നു. ഗോത്രത്തിന്റെ പേരിലോ വർഗീയതയുടെയോ കുടുംബ മഹിമയുടെയോ പേരിലോ ഉള്ള അഹങ്കാരമായിരുന്നില്ല അവരെ ഒരുമിച്ച് കൂട്ടിയത്. സ്‌നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ടുള്ള സ്‌നേഹ ബന്ധങ്ങളുടെയും പേരിൽ ഉണ്ടായ ഒന്നാമത്തെ കൂട്ടത്തെയായിരുന്നു മദീനയിൽ കാണുവാൻ സാധിച്ചത്. ഇസ്‌ലാമെന്ന കാരുണ്യത്തിന്റെ മതം കൊണ്ട് അല്ലാഹു ചെയ്തുകൊടുത്ത വലിയ അനുഗ്രഹമായിരുന്നു ഇത്:

"അവരുടെ (വിശ്വാസികളുടെ) ഹൃദയങ്ങൾ തമ്മിൽ അവൻ ഇണക്കിചേർക്കുകയും ചെയ്തിരിക്കുന്നു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾ തമ്മിൽ ഇണക്കിച്ചേർക്കാൻ നിനക്ക് സാധിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവരെ തമ്മിൽ ഇണക്കിച്ചേർത്തിരിക്കുന്നു. തീർച്ചയായും അവൻ പ്രതാപിയും യുക്തിമാനുമാകുന്നു" (അൽഅൻഫാൽ: 63).

6) ഹിജ്‌റക്കു ശേഷം അറബികളുടെ ജീവിതം തന്നെ മാറി മറിഞ്ഞു. നിസ്സാര വിഷയങ്ങളുടെ പേരിൽ പരസ്പരം യുദ്ധം ചെയ്യുകയും രക്തം ചൊരിയുകയും ചെയ്യുന്നവരായിരുന്നു അറബികൾ. ഉന്നതങ്ങളായ മൂല്യങ്ങളെ വലിച്ചെറിഞ്ഞവരായിരുന്നു അവർ. പക്ഷേ, ലോകത്ത് മാതൃകയില്ലാത്ത വിധം ഉയരങ്ങളിലേക്ക് എത്തിച്ചേരാൻ ഇവർക്ക് പിന്നീട് സാധിച്ചു. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവരായി മാറി അവർ. സ്‌നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധങ്ങൾ അവരിൽ ശക്തിപ്പെട്ടു. വെറുപ്പിന്റെയും വിദ്വേഷത്തിന്റേയും പ്രേരക ഘടകങ്ങൾ അവരിൽ നിന്ന് എന്നെന്നേക്കുമായി ഇല്ലാതായി. പ്രതികാരത്തിന്റെ ചൂടുപിടിച്ച മനസ്സുകൾ തണുത്തലിഞ്ഞു. അതോടെ ധാർമികതക്ക് വില കൽപിക്കപ്പെട്ടു. മതവിജ്ഞാനങ്ങൾ പ്രചരിച്ചു. പണ്ഡിത കേസരികൾ രൂപം കൊണ്ടു. അജ്ഞതയും അറിവില്ലായ്മയും എങ്ങോ പോയി മറഞ്ഞു.

"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്‌കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (അൽജുമുഅ: 2).

7) ഹിജ്‌റക്കു ശേഷം മദീന 'കല്ലുകളുടെ മദീന'ക്ക് പകരം തെളിമയുടെ മദീനയായി മാറി. മൂല്യങ്ങൾക്കും മഹത്ത്വങ്ങൾക്കും അവിടെ സ്ഥാനമുണ്ടായി. അവിടെ നിന്നും പ്രബോധകന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഇറങ്ങിപ്പുറപ്പെട്ടു. ചരിത്രത്തിന്റെ മുഖം തന്നെ അവർ മാറ്റിയെഴുതി. ലോകരിൽ വിശ്വാസത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും ന

**മദീനയിലേക്കുള്ള ഹിജ്‌റയോടു കൂടി ഒരു ഇസ്‌ലാമിക സമൂഹം നിലവിൽ വന്നു. ഗോത്രത്തിന്റെ പേരിലോ വർഗീയതയുടെയോ കുടുംബ മഹിമയുടെയോ പേരിലോ ഉള്ള അഹങ്കാരമായിരുന്നില്ല അവരെ ഒരുമിച്ച് കൂട്ടിയത്. സ്‌നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ടുള്ള സ്‌നേഹ ബന്ധങ്ങളുടെയും പേരിൽ ഉണ്ടായ ഒന്നാമത്തെ കൂട്ടത്തെയായിരുന്നു മദീനയിൽ കാണുവാൻ സാധിച്ചത്. ഇസ്‌ലാമെന്ന കാരുണ്യത്തിന്റെ മതം കൊണ്ട് അല്ലാഹു ചെയ്തുകൊടുത്ത വലിയ അനുഗ്രഹമായിരുന്നു ഇത്.**

ന്മയുടെയും മുദ്ര കൊണ്ടുള്ള അടയാളങ്ങൾ അവരുണ്ടാക്കി.

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു..."(ആലു ഇംറാൻ: 110)

8) മദീനയിലേക്കുള്ള ഹിജ്റ ഇസ്ലാമിന് ചലിക്കാനുള്ള സ്വാതന്ത്ര്യം നൽകുകയും പ്രബോധനത്തിന്റെ കവാടങ്ങൾ തുറന്നു കൊടുക്കുകയും ചെയ്തു. മദീനയിൽ താമസം ഉറപ്പിച്ചതോടെ അറേബ്യൻ പ്രദേശങ്ങളിലെ രാജാക്കന്മാർക്കെല്ലാം നബിﷺ കത്ത് അയച്ചു തുടങ്ങി. സമീപ പ്രദേശങ്ങളിലെ ഭരണാധികാരികൾ, ഗോത്രത്തലവന്മാർ, രാജാക്കന്മാർ തുടങ്ങിയവരിലേക്ക് അംബാസഡർമാരെ നിയോഗിച്ചു. അല്ലാഹുവിന്റെ മതത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും അല്ലാഹുവിന്റെ കൽപന നടപ്പിലാക്കുകയും ചെയ്തു.

"ഇത് മനുഷ്യർക്ക് വേണ്ടി വ്യക്തമായ ഒരു ഉൽബോധനമാകുന്നു. ഇതു മുഖേന അവർക്കു മുന്നറിയിപ്പ് നൽകപ്പെടേണ്ടതിനും അവൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് അവർ മനസ്സിലാക്കുന്നതിനും ബുദ്ധിമാൻമാർ ആലോചിച്ച് മനസ്സിലാക്കുന്നതിനും വേണ്ടിയുള്ള (ഉൽബോധനം)" (ഇബ്റാഹീം: 52).


9) അറേബ്യയിൽ നിന്ന് വിഗ്രഹാരാധന തുടച്ചുനീക്കപ്പെട്ടു. എല്ലാ സ്ഥലങ്ങളിലും പുതിയ ഒരു ചരിത്രം തന്നെ രൂപം കൊണ്ടു. വിഗ്രഹാരാധനയിൽ നിന്നും ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്ക് മനുഷ്യർ പരിവർത്തിക്കപ്പെട്ടു. മനുഷ്യന് ആദരവ് ലഭിച്ചു.

"സത്യം വന്നിരിക്കുന്നു. അസത്യം മാഞ്ഞുപോയിരിക്കുന്നു. തീർച്ചയായും അസത്യം മാഞ്ഞുപോകുന്നതാകുന്നു..."(അൽഇസ്റാഅ്: 81).

10) സത്യത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന ഇസ്ലാമിക ഭരണത്തിന്റെ ഔദ്യോഗിക പ്രഖ്യാപനമായിരുന്നു ഹിജ്റ. ലോകത്തിലെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്നും ആളുകൾ ഇസ്ലാമിലേക്ക് കടന്നു വരുവാനുള്ള അടിസ്ഥാന കാരണവും ഹിജ്റയോടനുബന്ധിച്ച് ഉണ്ടായ തുറന്ന പ്രബോധനം തന്നെയായിരുന്നു. കിഴക്ക് ഇന്ത്യ മുതൽ പടിഞ്ഞാറ് അറ്റ്ലാൻറിക് മഹാ സമുദ്രം വരെയും തെക്ക് ആഫ്രിക്ക മുതൽ വടക്ക് റഷ്യ വരെയും ഇസ്ലാം കടന്നുചെന്നു.

11) ഹിജ്റയോടെ ലോകത്ത് സമാധാനവും നിർഭയത്വവും നിലവിൽവന്നു. അഹങ്കാരികളുടെ ഭരണത്തിൽ നിന്നും മനുഷ്യർ സുരക്ഷിതരായി. ആക്രമണങ്ങളുടെയും അരാജകത്വങ്ങളുടെയും നേതൃത്വങ്ങൾക്ക് വിരാമമായി.

അല്ലാഹുവിന്റെ നടപടിക്രമത്തിന്റെ ഭാഗമാണിത്.



**ഇസ്ലാമിക പ്രബോധനത്തിന് മുമ്പിൽ ക്വുറൈശികൾ ഒരു തടസ്സമായിരുന്നു. എന്നാൽ ഹിജ്റയോടു കൂടി മുസ്ലിംകളുടെ മനസ്സുകളിൽ നിന്നും ആ ഭയം ഇല്ലാതെയായി. മുസ്ലിംകളുടെ മാത്രമല്ല എല്ലാ അറബികളുടെയും മനസ്സുകളിൽനിന്ന് ക്വുറൈശികൾക്കുള്ള സ്ഥാനം നഷ്ടപ്പെട്ടു. അറബികൾ മുഹമ്മദ് നബിലയിലേക്ക് അനുകമ്പയുടെ നോട്ടം തുടങ്ങുകയും അവരെല്ലാവരും കൂട്ടം കൂട്ടമായി ഇസ്ലാമിലേക്ക് കടന്നുവരികയും ചെയ്തു. വ്യത്യസ്ത അറബി ഗോത്രങ്ങൾ വിവിധ ഭാഗങ്ങളിൽ നിന്ന് നബിയുടെ അടുക്കലേക്ക് വരികയും അനുസരണ പ്രതിജ്ഞ ചെയ്യുകയും ചെയ്തു.**

ഹൃദയങ്ങളെ വിശ്വാസം കൊണ്ട് തുറക്കാതെ; ഒരു ഭൂമിയും ആയുധം കൊണ്ട് വിജയിച്ചിട്ടില്ല. രാജ്യത്തിന് അകത്തുള്ള ശത്രുക്കൾ ഇറങ്ങിപ്പോകുന്നതുവരെ പുറത്തുനിന്നുള്ള ശത്രുക്കൾ ആ രാജ്യത്തുനിന്നും ഇറങ്ങിപ്പോവുകയില്ല.

"ഇത് മനുഷ്യർക്ക് വേണ്ടി വ്യക്തമായ ഒരു ഉൽബോധനമാകുന്നു. ഇതു മുഖേന അവർക്കു മുന്നറിയിപ്പ് നൽകപ്പെടേണ്ടതിനും അവൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് അവർ മനസ്സിലാക്കുന്നതിനും ബുദ്ധിമാൻമാർ ആലോചിച്ച് മനസ്സിലാക്കുന്നതിനും വേണ്ടിയുള്ള (ഉൽബോധനം)' (ഇബ്റാഹീം: 52).

ഇതിനെല്ലാം പുറമേ നബിﷺയുടെയും സ്വഹാബികളുടെയും മദീനയിലേക്കുള്ള ഹിജ്റ അല്ലാഹുവിന്റെ ഭാഗത്തു നിന്നുള്ള വലിയ കാരുണ്യവും അനുഗ്രഹവും ആയിരുന്നു. കാരണം ഇസ്‌ലാമിന്റെ വ്യാപനവും അതിന്റെ പ്രചാരവും ദുർബലരും അടിച്ചമർത്തപ്പെടുന്നവരുമായി കഴിയുന്ന ഏവർക്കും അനിവാര്യമായ കാര്യമായിരുന്നു. അത്കൊണ്ടു തന്നെ ഇസ്‌ലാമിന്റെ പൂർത്തീകരണം എല്ലാ ആളുകൾക്കും ഒരു അനുഗ്രഹമായി മാറുകയും ചെയ്തു.

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു" (അൽമാഇദ: 3).

ഇത്രയും വലിയ ഗുണങ്ങൾ ഹിജ്റയിലൂടെ ഉണ്ടായ കാരണത്താൽ നബിﷺയുടെ ഹിജ്റ ഇസ്‌ലാമിക ചരിത്രത്തിന്റെ തുടക്കമാക്കാൻ സ്വഹാബികൾ ഉദ്ദേശിച്ചു. നബിﷺയുടെ ജനനമോ പ്രവാചകത്വമോ മരണമോ ആയിരുന്നില്ല അവർ ഇസ്‌ലാമിക ചരിത്രം കണക്കാക്കുവാൻ ഉപയോഗിച്ചിരുന്നത്. കൂടിയാലോചനയിലൂടെ ഉമർ ഇതിന് തുടക്കം കുറിക്കുകയും ചെയ്തു.

ആഇശ പറയുന്നു: "നബിﷺ മദീനയിൽ എത്തിയപ്പോൾ അബൂബകറിനും ബിലാലിനും അസുഖം ബാധിച്ചു. പനി പിടിപെടുമ്പോൾ അബൂബകർ ഇപ്രകാരം പാടാറുണ്ടായിരുന്നു: 'ഓരോ മനുഷ്യനും തന്റെ കുടുംബത്തിൽ നേരം പുലരുന്നു. മരണമാകട്ടെ അവന്റെ ചെരുപ്പിന്റെ വാറിനെക്കാൾ അടുത്ത് കിടക്കുന്നതാണ്.''

മക്കാ രാജ്യത്തെ സ്മരിച്ചുകൊണ്ട് ബിലാൽ പാട്ട് പാടിയിരുന്നു എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. മാത്രമല്ല മക്കയിലുള്ള പല ആളുകൾക്കുമെതിരെ അവർ പ്രാർഥിക്കുകയും ചെയ്തിരുന്നു: 'അല്ലാഹുവേ, ശൈബയെയും ഉത്ബയെയും ഉമയ്യത്തുബ്നു ഖലഫിനെയും ഞങ്ങളുടെ നാട്ടിൽ നിന്നും പ്രവാസത്തിന്റെ ഈ നാട്ടിലേക്ക് അവർ ഞങ്ങളെ പുറത്താക്കിയത് പോലെ, നീ അവരെ ശപിക്കേണമേ.' നബിﷺ ഇപ്രകാരം പ്രാർഥിച്ചിരുന്നു: 'അല്ലാഹുവേ, മക്കയോട് ഞങ്ങൾക്കുണ്ടായിരുന്ന സ്നേഹം പോലെ അല്ലെങ്കിൽ അതിനെക്കാൾ സ്നേഹം മദീനയോട് ഞങ്ങൾക്കുണ്ടാക്കിത്തരേണമേ. അല്ലാഹുവേ, ഞങ്ങളുടെ മുദ്ദിലും സ്വാഇലും ഞങ്ങൾക്ക് നീ അനുഗ്രഹം ചൊരിയേണമേ. ഞങ്ങൾക്ക് നീ മദീനയെ ആരോഗ്യപൂർണമാക്കി തരേണമേ. ഇവിടത്തെ പനിയെ ജുഹ്ഫയിലേക്ക് നീക്കം ചെയ്യേണമേ...' (ബുഖാരി: 1889).

മദീനയുടെ അന്തരീക്ഷം മുഹാജിറുകൾക്ക് ഇഷ്ടപ്പെട്ടില്ല. അവരുടെ ശരീര പ്രകൃതിക്ക് അത് എതിരായി തോന്നി. അവർ പ്രയാസപ്പെട്ടു. പലപ്പോഴും അവർക്ക് ഇരുന്നുകൊണ്ടല്ലാതെ നമസ്കരിക്കാൻ പോലും സാധിച്ചിരുന്നില്ല. മദീനക്ക് വേണ്ടിയുള്ള നബിﷺയുടെ പ്രാർഥനയിലൂടെയാണ് അവിടത്തെ അന്തരീക്ഷം മാറിക്കിട്ടിയതും സ്വഹാബത്തിന് അനുകൂലമാകുന്ന രൂപത്തിൽ കാലാവസ്ഥയിൽ മാറ്റം ഉണ്ടായതും. നബിﷺ ഇപ്രകാരം പ്രാർഥിച്ചിരുന്നതായി ഹദീസുകളിൽ കാണാം: 'അല്ലാഹുവേ, മക്കയിൽ നൽകിയ ബറകത്തിന്റെ ഇരട്ടി ബറക്കകത്ത് മദീനയിൽ നീ നൽകേണമേ' (ബുഖാരി: 1885, മുസ്‌ലിം: 1369).

**ഹിജ്റക്കു ശേഷം അറബികളുടെ ജീവിതം തന്നെ മാറി മറിഞ്ഞു. നിസ്സാര വിഷയങ്ങളുടെ പേരിൽ പരസ്പരം യുദ്ധം ചെയ്യുകയും രക്തം ചൊരിയുകയും ചെയ്യുന്നവരായിരുന്നു അറബികൾ. ഉന്നതങ്ങളായ മൂല്യങ്ങളെ വലിച്ചെറിഞ്ഞവരായിരുന്നു അവർ. പക്ഷേ, ലോകത്ത് മാതൃകയില്ലാത്ത വിധം ഉയരങ്ങളിലേക്ക് എത്തിച്ചേരാൻ ഇവർക്ക് പിന്നീട് സാധിച്ചു. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവരായി മാറി അവർ. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധങ്ങൾ അവരിൽ ശക്തിപ്പെട്ടു. വെറുപ്പിന്റെയും വിദ്വേഷത്തിന്റേയും പ്രേരക ഘടകങ്ങൾ അവരിൽ നിന്ന് എന്നന്നേക്കുമായി ഇല്ലാതായി. പ്രതികാരത്തിന്റെ ചൂടുപിടിച്ച മനസ്സുകൾ തണുത്തലിഞ്ഞു. അതോടെ ധാർമികതക്ക് വില കൽപിക്കപ്പെട്ടു. മത വിജ്ഞാനങ്ങൾ പ്രചരിച്ചു. പണ്ഡിത കേസരികൾ രൂപം കൊണ്ടു. അജ്ഞതയും അറിവില്ലായ്മയും എങ്ങോ പോയി മറഞ്ഞു.**

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com



# സാറിന് കഞ്ചാവ് വേണോ..?

"സാറ് കഞ്ചാവ് കണ്ടിട്ടുണ്ടോ? സാറിന് കഞ്ചാവ് വേണോ...?"

നാലാം ക്ലാസ്സുകാരന്റെ ഈ ചോദ്യം എന്നെ അക്ഷരാർഥത്തിൽ ഞെട്ടിച്ചു കളഞ്ഞു.

20 വർഷം മുമ്പ് പാലക്കാട് ജില്ലയിലെ മലയോര ഗോത്രവർഗ മേഖലയിലെ ഒരു സർക്കാർ പ്രൈമറി വിദ്യാലയത്തിൽ താൽക്കാലികാധ്യാപകനായി ജോലി നോക്കുമ്പോഴാണ് ഈ ഞെട്ടിക്കുന്ന അനുഭവം ഉണ്ടായത്.

നാലാം ക്ലാസ്സിലെ ശാസ്ത്രപഠനത്തിന്റെ ഭാഗമായി മദ്യവും മയക്കുമരുന്നും മറ്റു ലഹരി വസ്തുക്കളും മനുഷ്യശരീരത്തെ എങ്ങനെയെല്ലാം ദോഷകരമായി ബാധിക്കുമെന്നതിനെക്കുറിച്ചും വിവിധതരം ലഹരി വസ്തുക്കളെക്കുറിച്ചും ചർച്ചകൾ നടന്നുകൊണ്ടിരിക്കെയാണ് ഒരു പത്തു വയസ്സുകാരന്റെ ഈ ചോദ്യങ്ങളെ നേരിടേണ്ടി വന്നത്.

സ്റ്റാഫ് റൂമിൽ വെച്ച് കുട്ടിയുമായി ഒറ്റക്ക് നടത്തിയ സൗഹൃദ സംഭാഷണത്തിലൂടെ അവൻ പറഞ്ഞതിന്റെ വിശദാംശങ്ങൾ മനസ്സിലാക്കി. ആദിവാസി മേഖലയായ ഈ പ്രദേശത്ത് എല്ലാ ഗോത്രവർഗ കുടുംബങ്ങൾക്കും ഉൾക്കാട്ടിൽ കൃഷി ഉണ്ട്. അപൂർവം ചിലർ കൃഷിയുടെ ഒത്ത നടുവിൽ രഹസ്യമായി കുറച്ച് കഞ്ചാവും കൃഷി ചെയ്യും. മൂപ്പെത്തിയ കഞ്ചാവ് അവിടെ വെച്ച് തന്നെ വെട്ടി ഉണക്കി വീട്ടിൽ കൊണ്ടുവന്ന് നീണ്ട, വണ്ണം കൂടിയ മുളങ്കുറ്റികളിലാക്കി വിറകടുപ്പിന്റെ മുകളിൽ കെട്ടിത്തൂക്കിയിടും. കഞ്ചാവിന്റെ ഓഫ് സീസണായ മഴക്കാലത്ത് കൂടിയ വിലയ്ക്ക് മൊത്തക്കച്ചവടക്കാർക്ക് വിറ്റ് പണമാക്കും. തന്റെ വീട്ടിൽ സൂക്ഷിച്ചതിൽ നിന്നും

ഒരു വിഹിതം വേണോ എന്നാണ് വിദ്യാർഥി എന്നോട് ആത്മാർഥമായി തന്നെ ചോദിച്ചത്!

ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധവൽക്കരിച്ചും അവ ജീവിതത്തിൽ ഒരിക്കലും ഉപയോഗിക്കരുത് എന്ന് ചട്ടം കെട്ടിയും ഞാൻ അവനെ ക്ലാസ്സിലേക്ക് പറഞ്ഞയച്ചു.

ഇതേ വർഷം തന്നെ മധ്യവേനൽ അവധിക്കാലത്ത് ഡി.പി.ഇ.പി പദ്ധതിയുടെ ഭാഗമായി ഉൾക്കാട്ടിലെ ഒരു ആദിവാസി ഊര് സന്ദർശിക്കാൻ അവസരം ലഭിച്ചു. വരിവരിയായി നട്ടുപിടിപ്പിച്ച ഒരാൾ പൊക്കത്തിലുള്ള മല്ലിക പോലെയുള്ള ചെടിയെക്കുറിച്ച് അന്വേഷിച്ച ഞാൻ അന്ധാളിച്ചു പോയി. എന്റെ ജീവിതത്തിലെ ആദ്യത്തെ കഞ്ചാവ് കാഴ്ച! 'പരസ്യമായിത്തന്നെ ഇത് നട്ടു പിടിപ്പിക്കാമോ' എന്നായി ഞാൻ. ഇവിടുത്തെ ഊരുമൂപ്പന് ഒറ്റമൂലി ചികിത്സയുടെ ഭാഗമായി കഞ്ചാവ് വളർത്താൻ ലൈസൻസ് ഉണ്ട് എന്ന മറുപടി എന്നെ അമ്പരപ്പിച്ചു.

വീട്ടുകാരെ കാണിക്കാൻ കഞ്ചാവ് ചെടിയുടെ കൊമ്പോ ഉണങ്ങിയ കഞ്ചാവോ സ്കൂളിൽ എത്തിച്ചു തരാമെന്ന സ്കൂൾ പരിസരവാസികളുടെ വാഗ്ദാനം വാഹന യാത്രക്കിടയിൽ നടക്കുന്ന അധികാരികാരികളുടെ ആകസ്മിക പരിശോധന ഭയന്ന് ഞാൻ നിരസിച്ചിരുന്നു.

ഇതേ സ്കൂളിനു സമീപത്തുള്ള, പ്രീ ഡിഗ്രി പഠനം പൂർത്തിയാക്കിയ ഒരു ആദിവാസി യുവാവിന്റെ വീട്ടിൽ നിന്നുമാണ് പൂത്ത് വിളഞ്ഞു നിൽക്കുന്ന കഞ്ചാവ് ചെടി കാണാൻ 'ഭാഗ്യം' ലഭിച്ചത്! വീടിന്റെ തൊട്ടു പിന്നിൽ ഒന്നരയാൾ ഉയരത്തിൽ പടർന്ന് പന്തലിച്ച് നിൽക്കുന്ന, ഇലകളും പൂക്കളും ശിഖരങ്ങളും കൂടി ഒട്ടിപ്പിടിച്ച് ജടകെട്ടിയ നിലയിൽ ഒരു മുന്തിയ ഇനത്തിൽപെട്ട കഞ്ചാവ് ചെടി. പൂത്ത് കഴിഞ്ഞതിനാൽ ചെടിക്ക് നല്ല എണ്ണമയം ഉണ്ടായിരുന്നു. പ്രത്യേക സുഗന്ധവും. ഊര് മൂപ്പനും ഒറ്റമൂലി ചികിത്സകനുമായ പിതാവിന് ലൈസൻസ് ഉള്ളതിനാൽ ഒറ്റുകാരെ അവരും ഭയക്കുന്നില്ല.

അട്ടപ്പാടിയിലേക്കും തിരിച്ചും ഉള്ള യാത്ര മിക്കവാറും ഉറങ്ങിത്തീർക്കാറാണ് പതിവ്. ബസ് യാത്രക്കിടയിൽ പരിചയമില്ലാത്തവരിൽ നിന്നും ബാഗോ സഞ്ചിയോ മറ്റൊ വാങ്ങി പിടിക്കരുത് എന്നത് അട്ടപ്പാടി ഭാഗത്തെ അന്നത്തെ ഒരു പ്രധാന മുന്നറിയിപ്പാണ്. പോലീസിന്റെയും എക്സൈസുകാരുടെയും അപ്രതീക്ഷിത പരിശോധന ഉണ്ടാകും. നമ്മുടെ കയ്യിലെ ബാഗിൽ നിന്നും മദ്യം, കഞ്ചാവ് എന്നിങ്ങനെ നിരോധിത വസ്തുക്കൾ പിടിച്ചാൽ കേസിൽ കുടുങ്ങും എന്നത് ഉറപ്പ്. അതിനാൽ നന്നായി പരിചയമുള്ളവരുടെ ബാഗ് മാത്രമെ ആരും വാങ്ങി പിടിക്കുകയുള്ളൂ.

ഒരു വെള്ളിയാഴ്ച ദിവസം വൈകുന്നേരം. അട്ടപ്പാടിയിൽ നിന്നും മണ്ണാർക്കാട്ടേക്കുള്ള മയിൽ വാഹനം ബസ് യാത്ര. പതിവുപോലെയുള്ള മയക്കത്തിനിടയിൽ എന്നെ ആരോ കുലുക്കിയുണർത്തി. ഒരു കാക്കി യൂണിഫോം ധാരി. സീറ്റിനടിയിലെ കുട്ടിച്ചാക്ക് നിങ്ങളുടേതാണോ എന്ന ചോദ്യം എനിക്ക് സ്ഥലകാല ബോധം സമ്മാനിച്ചു. എന്റെ മടിയിലുള്ള ബാഗ് മാത്രമാണ് എന്റെതായി ഉള്ളതെന്ന സത്യസന്ധമായ മറുപടി പോലീസുകാരന് ബോധ്യപ്പെട്ടതിനാലാകും, പിന്നീട് കൂടുതൽ ചോദ്യങ്ങൾ ഒന്നും ഉണ്ടായില്ല.

പിന്നെയാണ് കാര്യം മനസ്സിലായത്; കഞ്ചാവ് നിറച്ച കുട്ടിച്ചാക്ക് എന്റെ സീറ്റിനടിയിൽ വെച്ച് കഞ്ചാവ് കടത്തുകാരൻ വെറെ ഏതോ സീറ്റിൽ മാറിയിരിക്കുകയാണ്. ഗാഢനിദ്രയിലാണ്ട ഞാൻ അതൊന്നും അറിഞ്ഞില്ല. പരിശോധക സംഘത്തിന് തൊണ്ടിയായി കഞ്ചാവ് കിട്ടി. കടത്തുകാരൻ ആരെന്ന് ആർക്കുമറിയില്ല. അയാൾ ബസ്സിൽ മാറിയിരുന്ന് ഊറിച്ചിരിക്കുന്നുണ്ടാകുമെന്ന് ഞാൻ ഊഹിച്ചു. അന്നു മുതൽ ബസ് യാത്രകളിൽ സീറ്റിനടിയിലെ പരിശോധന ഞാൻ ശീലമാക്കി.

കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുടെ കടത്തും പിടിക്കലും ഇന്ന് പത്ര മാധ്യമങ്ങളിൽ സ്ഥിരം വാർത്തയായിരിക്കുന്നു. ആ വാർത്തകളിലൂടെ കണ്ണോടിക്കുമ്പോൾ ഈ ലഹരി ഓർമകൾ മനസ്സിൽ ഓടി വരും. ഒപ്പം സ്വന്തം ശരീരത്തെയും ആത്മാവിനെയും സമൂഹത്തെയും കുടുംബത്തെയും നശിപ്പിക്കുന്ന ഈ ലഹരിയുടെ പിന്നാലെ പായുന്ന ബുദ്ധിശൂന്യരെ ഓർത്ത് സങ്കടവും...

രാജ്യത്തിന്റെ നട്ടെല്ലായി മാറേണ്ട വിദ്യാർഥി, യുവജനങ്ങളെ കാർന്ന് തിന്നുകൊണ്ടിരിക്കുന്ന ലഹരിയുടെ ഉപയോഗം ഹൈസ്ക്കൂൾ തലങ്ങളിലേക്ക് വരെ വ്യാപിച്ചിരിക്കുന്നുവെന്നത് നാം അതീവ ഗൗരവത്തിൽ എടുക്കണം.

ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകൾക്കൊപ്പം ജനപ്രതിനിധികളും മത, സാമൂഹിക, സാംസ്കാരിക സംഘടനകളും മുന്നിട്ടിറങ്ങിയില്ലെങ്കിൽ പ്രവചിക്കാനാവത്ത ദുരന്തമായിരിക്കും നാം നേരിടേണ്ടി വരിക. ●

ലേഖനം

ഡോ. അബ്ദുറസാഖ് സുല്ലമി
mail@nerpatham.com



# പ്രപഞ്ചത്തിന്റെ അനന്തവിശാലത

**നാ**ൽപതിനായിരം കിലോമീറ്റർ ചുറ്റളവുള്ള, സൂര്യനിൽ നിന്ന് 15 കോടി കിലോമീറ്റർ അകലെ സൂര്യനെ ചുറ്റുന്ന ഭൂമി എന്ന ഗ്രഹത്തിലാണ് എഴുന്നൂറ്റി അൻപത് കോടി ജനങ്ങൾ ജീവിക്കുന്നത്. സൗരയൂഥത്തിന്റെ കേന്ദ്രമായ സൂര്യന് പതിമൂന്നര ലക്ഷം ഭൂമിക്ക് തുല്യമായ വലിപ്പമുണ്ട്. സൂര്യനും അതിനെ ചുറ്റുന്ന 8 ഗ്രഹങ്ങളും അവയെ ചുറ്റുന്ന 193 ഉപഗ്രഹങ്ങളും ചേർന്നതാണ് സൗരയൂഥം.

ഭൂമിക്ക് ഒരു ഉപഗ്രഹമേയുള്ളൂ; അതാണ് ചന്ദ്രൻ. സൂര്യനിൽ നിന്ന് അകലക്രമമനുസരിച്ചുള്ള ഗ്രഹങ്ങൾ ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്ട്യൂൺ എന്നിവയാണ്.

ഓരോ സെക്കന്റിലും 3 ലക്ഷം കിലോമീറ്റർ ദൂരം സഞ്ചരിക്കുന്ന പ്രകാശം ഏറ്റവും അകലെയുള്ള നെപ്ട്യൂണിലേക്ക് സൂര്യനിൽ നിന്ന് നാലേകാൽ മണിക്കൂർ സഞ്ചരിക്കണം!

സൂര്യൻ കഴിഞ്ഞാൽ ഏറ്റവും അടുത്തുള്ള നക്ഷത്രത്തിലേക്ക് നാലേകാൽ വർഷം പ്രകാശം സഞ്ചരിക്കുന്നദൂരം, അഥവാ നാൽപത് ലക്ഷം കോടി കിലോമീറ്റർ ദൂരമുണ്ട്. അപ്രകാരം ചുരുങ്ങിയത് പതിനായിരം കോടി നക്ഷത്രങ്ങൾ ചേർന്ന

ഒരു വമ്പൻ സമൂഹമാണ് നമ്മുടെ മിൽകീ വേ ഗ്യാലക്സി. അതിൽ പത്ത് ശതമാനത്തോളം സ്വന്തം പ്രകാശമില്ലാത്ത ഗ്രഹങ്ങൾ ആണ്. ഈ ഗ്യാലക്സിയുടെ ഒരറ്റത്തുള്ള നക്ഷത്രത്തിൽ നിന്ന് മറ്റേ അറ്റത്തുള്ള നക്ഷത്രത്തിലേക്കുള്ള ദൂരം അഥവാ വ്യാസം ഒരുലക്ഷം പ്രകാശ വർഷമാണ്. അതിന്റെ സെന്ററിൽ നിന്ന് മുപ്പതിനായിരം പ്രകാശവർഷം ദൂരത്താണ് നമ്മുടെ ഭൂമിയുടെ സ്ഥാനം. ഇതേപോലെ 54 ഗ്യാലക്സികൾ ചേർന്ന സമൂഹമാണ് നമ്മുടെ വിർഗോക്ലസ്റ്റർ. ഒരു ലക്ഷം ഗ്യാലക്സികൾ ചേർന്ന ലൈനാകിയാ സൂപ്പർ ക്ലസ്റ്ററിന്റെ ഒരു ചെറുഭാഗമാണ് നമ്മുടെ വിർഗോ ക്ലസ്റ്റർ. സൂപ്പർ ക്ലസ്റ്ററുകൾ പോലും പത്ത് ലക്ഷം എണ്ണം കണ്ടെത്തിയിട്ടുണ്ട്. അതിൽ ഏറ്റവും അകലെയുള്ള ഏച്ച11 എന്ന ഗ്യാലക്സിയിലേക്ക് 1300 കോടി പ്രകാശ വർഷം ദൂരമുണ്ട്.

ഇതാണ് ഇതേവരെ കണ്ടെത്തിയ പ്രപഞ്ചം. മഹാപ്രപഞ്ചത്തിന്റെ ഒരു ചെറുഭാഗം മാത്രമെ ശാസ്ത്രത്തിന് കണ്ടെത്താൻ സാധിച്ചിട്ടുള്ളൂ എന്ന് പ്രപഞ്ചശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. ഇനിയുള്ളവയെ കണ്ടെത്താനുള്ള സാധ്യത എത്രയോ കുറവാണ്. കാരണം അവ പ്രകാശത്തെക്കാൾ വേഗതയിൽ നമ്മിൽനിന്ന് അകന്ന് കൊണ്ടേയിരിക്കുകയാണ്. അതിനാൽ പ്രപഞ്ചം വികസിച്ചു കൊണ്ടേയിരിക്കുകയാണ് എന്ന് എഡ്വിൻ പി ഹബ്ൾ എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തി. 51ാം അധ്യായം സൂറതുദ്ദാരിയാത് 47ാം വചനത്തിൽ ക്വുർആൻ പറയുന്നു:

"ഉപരിലോകമാകട്ടെ നാം അതിനെ ശക്തിയാൽ നിർമിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചു കൊണ്ടിരിക്കും."

എല്ലാ ഗ്യാലക്സികളും അതിഭയാനകമായ വേഗതയിൽ സഞ്ചരിച്ചിട്ടും എവിടെയും മുട്ടിയിട്ടില്ല. എല്ലാ ഗ്യാലക്സികളുടെയും പുറത്ത്കൂടെ എത്രയോ അകലത്തിൽ ഒന്നാമത്തെ ആകാശം പൊതിഞ്ഞു നിൽക്കുന്നു. മുഹമ്മദ് നബിﷺ പറഞ്ഞു.

"....ഓരോ ആകാശങ്ങൾക്കിടയിലുള്ള ദൂരം ഭൂമിയിൽ നിന്ന് ഒന്നാം ആകാശത്തിലേക്കുള്ള ദൂരത്തിന് തുല്യമാണ്" (അബൂദാവൂദ്, ഇബ്നുമാജ, തുർമുദി).

അങ്ങനെ ഏറ്റവും പുറത്തുകൂടി ഏഴാമത്തെ ആകാശവും അതിൽ നിന്ന് എത്രയോ, അനന്തവിദൂരതയിൽ അല്ലാഹുവിന്റെ സിംഹാസവും സ്ഥിതിചെയ്യുന്നു. ആ സിംഹാസനത്തിൽ ഉപവിഷ്ടനായ അല്ലാഹുവിന്റെ വചനങ്ങളാണ് ക്വുർആൻ എന്ന വിസ്മയ ഗ്രന്ഥം. നബിﷺയുടെ ആകാശയാത്ര അഥവാ മിഅ്റാജ് യാത്രയിൽ ജറുസലേമിൽ നിന്ന് അല്ലാഹുവിന്റെ സിംഹാസനത്തിനടുത്ത് വരെ പോയ ശേഷമാണ് ജറുസലേമിലേക്ക് തിരിച്ചു വന്നതും അവിടുന്ന് ഏഴാമത്തെ ആകാശം ഉൾക്കൊള്ളുന്ന പ്രപഞ്ചഗോളം മുഴുവനും ചേർന്നാൽ ദൈവിക സംഹാസനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു മരുഭൂമിയിലേക്ക് എറിയപ്പെട്ട ഒരു കൊച്ചു വളയം പോലെ മാത്രമാണ് എന്ന് മുഹമ്മദ് നബിﷺ വിശദീകരിച്ചിട്ടുണ്ട്.

ഇനി നമുക്ക് തിരിച്ചുവരാം. അഖില പ്രപഞ്ചത്തിന്റെയും സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിന്റെ സിംഹാസനത്തിന് താഴെ എത്രയോ ചെറുത് മാത്രമാണ് ഏഴാം വാനം. ഏഴ് ആകാശങ്ങളിൽ ഒന്ന് മാത്രമാണ് ഒന്നാംവാനം. അതിന് താഴെ കണ്ടെത്തിയ 10 ലക്ഷം സൂപ്പർ ക്ലസ്റ്ററുകളിൽ ഒന്ന് മാത്രമാണ് ലൈനാക്കിയ. അതിലെ ഒരുകൂട്ടം മാത്രമാണ് വിർഗോ ക്ലസ്റ്റർ. വിർഗോ ക്ലസ്റ്ററിലെ 54 ഗ്യാലക്സികളിൽ ഒന്ന് മാത്രമാണ് മിൽക്കീവേ. അതിലെ കുറെ ശാഖകളിൽ ഒന്ന് മാത്രമാണ് ഓറിയോൺ ആം. അതിലെ പതിനായിരം കോടി നക്ഷത്രങ്ങളിൽ ഒന്ന് മാത്രമാണ് സൂര്യൻ.

സൂര്യന് ചുറ്റും ഭ്രമണം ചെയ്യുന്ന എട്ട് ഗ്രഹങ്ങളിൽ ഒന്ന് മാത്രമാണ് ഭൂമി. ഭൂമിയിലെ 195 രാഷ്ട്രങ്ങളിൽ ഒന്ന് മാത്രമാണ് ഇന്ത്യ. ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിൽ ഒന്ന് മാത്രമായ കേരളത്തിലെ മൂന്നേമുക്കാൽ കോടി ജനങ്ങളിൽ ഒരു വ്യക്തി മാത്രമാണ് ഞാൻ!

അപ്പോൾ, അല്ലാഹുവേ! നിന്റെ മുന്നിൽ ഞാൻ എത്രയോ ചെറിയവനും നീ എത്രയോ മഹാനുമാണ്. നാഥാ! നിരർഥകമായിട്ടല്ല ഈ പ്രപഞ്ചത്തെ നീ സൃഷ്ടിച്ചത്. ഈ ചിന്തയാണ് 3ാം അധ്യായം സൂറഃ ആലുഇംറാൻ 190,191 വചനങ്ങളിലൂടെ ക്വുർആൻ വ്യക്തമാക്കുന്നത്.

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നു കൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമിക്കുകയും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ."

മെഹബൂബ് മദനി ഒറ്റപ്പാലം
mail@nerpatham.com

ലേഖനം



# അല്ലാഹു: ഉപമകൾക്കതീതൻ

ഒരു മനുഷ്യൻ ഏറ്റവും പ്രധാനമായി അറിഞ്ഞിരിക്കേണ്ട വിജ്ഞാനീയങ്ങളിൽ പ്രഥമമായത് തന്നെ സൃഷ്ടിച്ച അല്ലാഹുവിനെക്കുറിച്ചാണെന്നതിൽ സംശയമില്ല. “ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് നീ അറിയുക” (47:19) എന്ന ക്വുർആൻ വചനം ഇതിലേക്ക് സൂചന നൽകുന്നതാണ്. സ്രഷ്ടാവിനെക്കുറിച്ചുള്ള പ്രമാണബദ്ധമായ വിശ്വാസമാണ് എല്ലാവിധ നന്മകളുടെയും അടിസ്ഥാനം. ഇത് കരഗതമാകുന്നതിലൂടെ മാത്രമെ മനുഷ്യർക്ക് നന്മകളിൽ അടിയുറച്ച് നിൽക്കുവാനും തിന്മകളെ പാടെ ജീവിതത്തിൽനിന്ന് ഒഴിവാക്കുവാനും സാധിക്കുകയുള്ളൂ.

സൃഷ്ടിനാഥനെക്കുറിച്ച വികലമായ ധാരണകളും വിശ്വാസങ്ങളുമാണ് അധികമാളുകളെയും സന്മാർഗസരണിയിൽനിന്ന് തെറ്റിച്ചുകളയുന്നത് എന്നത് ഒരു പരമാർഥമാണ്. പ്രവാചകന്മാരാൽ പഠിപ്പിക്കപ്പെട്ട കളങ്കമുക്തമായ വിശ്വാസങ്ങളിൽനിന്ന് തെന്നിമാറുന്നതോടെ അന്ധവിശ്വാസങ്ങളായിരിക്കും മനസ്സുകളിൽ മുളപൊട്ടുക. അതാകട്ടെ നരകത്തിലേക്ക് മനുഷ്യരെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

“ഒരു മനുഷ്യന്നും അല്ലാഹു യാതൊന്നും അവതരിപ്പിച്ചുകൊടുത്തിട്ടില്ല എന്നു പറഞ്ഞ സന്ദർഭത്തിൽ അല്ലാഹുവെ വിലയിരുത്തേണ്ട മുറപ്രകാരം വിലയിരുത്താതിരിക്കുകയാണ് അവർ ചെയ്തത്....” (6:91).

അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങൾ അഥവാ അസ്മാഉ വസ്സിഫാതുകൾ പഠിക്കുന്നതിലൂടെയാണ് നമുക്ക് കാരുണ്യവാനായ നാഥനെക്കുറിച്ച് അടുത്തറിയാനാവുക. അല്ലാഹുവിന്ന് ഏറ്റവും അത്യുത്തമമായ നാമങ്ങളാണുള്ളത്. അവയെല്ലാം തന്നെ ഏറ്റവും നല്ല അർഥങ്ങളുള്ളതും അല്ലാഹുവിന്റെ മഹത്ത്വത്തിനും ഔന്നിത്യത്തിനും യോജിച്ചവയുമാണ്. അല്ലാഹു പറയുന്നു:

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചു കൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെടും"(7:180).

ക്വുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ടുവന്ന നാമങ്ങളിലൂടെയാണ് നാം റബ്ബിനെക്കുറിച്ച് അറിയേണ്ടത്. നമുക്ക് തോന്നുന്ന രൂപത്തിൽ അല്ലാഹുവിന് പേരുകൾ നൽകുന്നത് അനുവദനീയമല്ല. അത് വലിയ മാർഗഭ്രംശത്തിലേക്കാണ് മനുഷ്യരെ കൊണ്ടുചെന്നെത്തിക്കുക. മനുഷ്യബുദ്ധികൊണ്ട് ഒരിക്കലും അല്ലാഹുവിന്റെ പുതിയ നാമങ്ങളൊന്നും തേടിപ്പിടിക്കുവാൻ സാധ്യമല്ല. അത് റബ്ബിനോട് ചെയ്യുന്ന അന്യായമാണ്. അറിവ് നൽകപ്പെട്ടില്ലാത്ത കാര്യങ്ങൾക്ക് പിന്നാലെ പോകുന്നത് നഷ്ടം മാത്രമെ വരുത്തിവെക്കൂ:

"നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്"(17:36).

അല്ലാഹുവിന്റെ നാമങ്ങളെ അടുത്തറിയുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി നബി(സ്വ) പറഞ്ഞത് കാണുക: "നിശ്ചയം! അല്ലാഹുവിന് 99 നാമങ്ങളുണ്ട്. നൂറിൽ ഒന്ന് കുറവ്. വല്ലവനും അവയെ 'ഇഹ്സ്വാഅ്' ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു" (മുസ്‌ലിം).

'ഇഹ്സ്വാഅ്' ചെയ്യുക എന്നതിന്റെ ഉദ്ദേശ്യം അവയെ എണ്ണി തിട്ടപ്പെടുത്തുകയും മനഃപാഠമാക്കുകയും ചെയ്യലാണെന്നും, അവയുടെ അർഥവും തേട്ടവും അറിയലാണെന്നും, അവകൊണ്ട് പ്രാർഥിക്കലാണന്നും വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച ഹദീഥിൽനിന്ന് അല്ലാഹുവിന് 99 നാമങ്ങൾ മാത്രമെ ഉള്ളൂ എന്ന് ഒരിക്കലും മനസ്സിലാക്കിക്കൂടാ. കാരണം അല്ലാഹുവിന്റെ നാമങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ നമുക്ക് കഴിയാവുന്നതിലപ്പുറമാണെന്ന് മറ്റു ഹദീഥുകളിൽ വന്നിട്ടുണ്ട്. അല്ലാഹുവിന്റെ നാമങ്ങളിൽനിന്ന് 'ഇഹ്സ്വാഅ്' ചെയ്താൽ സ്വർഗപ്രവേശം സാധ്യമാകുന്നതിന്റെ എണ്ണത്തെയാണ് ആ എണ്ണംകൊണ്ട് അർഥമാക്കുന്നത്. നമുക്ക് വ്യക്തമാക്കിത്തരാത്ത നാമങ്ങൾ റഹ്മാനായ അല്ലാഹുവിനുണ്ടെന്ന് വ്യക്തമാക്കുന്ന ഒരു ദുആയിൽ ഇപ്രകാരം കാണാം: "നീ നിന്റെ നഫ്സിന് പേരുവെച്ച, നിന്റെ സൃഷ്ടികളിൽ ഒരാളെ പഠിപ്പിച്ച, നിന്റെ ഗ്രന്ഥത്തിൽ നീ അവതരിപ്പിച്ച,നിന്റെ അടുക്കലുള്ള അദൃശ്യ ജ്ഞാനത്തിൽ നീ നിനക്ക് പ്രത്യേകമാക്കിയ നിനക്കുള്ള എല്ലാ പേരുകളും മുൻനിറുത്തി ഞാൻ നിന്നോട് തേടുന്നു"(അഹ്മദ്).

**സ്രഷ്ടാവിനെക്കുറിച്ചുള്ള പ്രമാണബദ്ധമായ വിശ്വാസമാണ് എല്ലാവിധ നന്മകളുടെയും അടിസ്ഥാനം. ഇത് കരഗതമാകുന്നതിലൂടെ മാത്രമെ മനുഷ്യർക്ക് നന്മകളിൽ അടിയുറച്ച് നിൽക്കുവാനും തിന്മകളെ പാടെ ജീവിതത്തിൽനിന്ന് ഒഴിവാക്കുവാനും സാധിക്കുകയുള്ളൂ. സൃഷ്ടിനാഥനെക്കുറിച്ച വികലമായ ധാരണകളും വിശ്വാസങ്ങളുമാണ് അധികമാളുകളെയും സന്മാർഗസരണിയിൽനിന്ന് തെറ്റിച്ചുകളയുന്നത് എന്നത് ഒരു പരമാർഥമാണ്. പ്രവാചകന്മാരാൽ പഠിപ്പിക്കപ്പെട്ട കളങ്കമുക്തമായ വിശ്വാസങ്ങളിൽനിന്ന് തെന്നിമാറുന്നതോടെ അന്ധവിശ്വാസങ്ങളായിരിക്കും മനസ്സുകളിൽ മുളപൊട്ടുക. അതാകട്ടെ നരകത്തിലേക്ക് മനുഷ്യരെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും.**

അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളെ നിഷേധിക്കുവാനോ രൂപം പറയുവാനോ ഉപമിക്കാനോ സാദൃശ്യപ്പെടുത്താനോ പാടില്ലാത്തതാണ്. ഇസ്‌ലാമികലോകത്തെ അറിയപ്പെട്ട അക്വീദഃ ഗ്രന്ഥമായ 'അക്വീദതുൽ വാസിത്വിയ്യഃ'യിൽ ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ(റഹി) പറയുന്നത് കാണുക: "ഫിർക്വതുന്നാജിയ്യയുടെ, അത്ത്വാഇഫതുൽ മൻസ്വൂറയുടെ അഥവാ അഹ്‌ലുസ്സുന്നഃ വൽജമാഅഃയുടെ വിശ്വാസ സംഹിതയാണിത്. അതായത് അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവനയച്ച ദൂതന്മാരിലും മരണാനന്തര ജീവിതത്തിലും വിധിയിലും അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കുക.

അല്ലാഹുവിലുള്ള വിശ്വാസത്തിൽ പെട്ടതാണ് അല്ലാഹു അവനെപ്പറ്റി അവന്റെ ഗ്രന്ഥത്തിൽ വിശേഷിപ്പിച്ചതും അ

ല്ലാഹുവിന്റെ ദൂതൻ അവനെപ്പറ്റി വിശദീകരിച്ചതുമായ വിശേഷണങ്ങൾ ദുർവ്യാഖ്യാനിക്കാതെയും നിഷേധിക്കാതെയും സാമ്യപ്പെടുത്താതെയും ഉപമിക്കാതെയും വിശ്വസിക്കുക എന്നത്.

"അവന് സാമ്യമൊത്ത ഒന്നുമില്ല. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാണ്" (42:11) എന്ന് അല്ലാഹുവെ സംബന്ധിച്ച് അവർ വിശ്വസിക്കണം. അവൻ സ്വന്തത്തെപ്പറ്റി വിശേഷിപ്പിച്ചതായ ഒന്നും അവർ നിഷേധിക്കരുത്. പദങ്ങളെ അതിന്റെ യഥാർഥ സ്ഥാനത്തുനിന്ന് കോട്ടിമാട്ടുകയോ അല്ലാഹുവിന്റെ നാമങ്ങളിലും ആയത്തുകളിലും കൃത്രിമം കാണിക്കുകയോ ചെയ്യരുത്. അല്ലാഹുവിന്റെ വിശേഷണങ്ങളുടെ രൂപം പറയുകയോ സൃഷ്ടികളുടെ വിശേഷണങ്ങളോട് സാമ്യപ്പെടുത്തുകയോ ചെയ്യരുത്. പരിശുദ്ധനായ അല്ലാഹുവിന് പേരൊത്തതായി ആരുമില്ല. അവന് സമന്മാരോ സദൃശ്യരോ ഇല്ല. പരിശുദ്ധനും ഉന്നതനുമായ അവനെ സൃഷ്ടികളോട് താരതമ്യം ചെയ്യാൻ കഴിയുന്നതുമല്ല.

തീർച്ചയായും സ്വന്തത്തെപ്പറ്റിയും ഏറ്റവും വസ്തുതാപരവും നല്ലതും അവന്റെ വാക്കുകളാണ്. ശേഷം വിശ്വസ്തരായ അവന്റെ ദൂതന്മാരുടെ (വാക്കുകളും). അല്ലാഹുവെക്കുറിച്ച് അറിവില്ലാത്തവർ പറഞ്ഞുകൊണ്ടിരിക്കുന്നതിന് വിരുദ്ധമായാണ് (കാര്യങ്ങൾ). അതുകൊണ്ടാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത്: 'പ്രതാപത്തിന്റെ നാഥനായ നിന്റെ രക്ഷിതാവ് അവർ ചമച്ചു പറയുന്നതിൽനിന്നെല്ലാം എത്ര പരിശുദ്ധൻ! ദൂതന്മാർക്ക് സമാധാനം. ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി" (അക്വീദതുൽ വാസിത്വിയ്യഃ, ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ).

അല്ലാഹുവിനെക്കുറിച്ച് പ്രമാണബദ്ധമായി മനസ്സിലാക്കിയില്ലെങ്കിൽ അത് മനുഷ്യരെ സ്രഷ്ടാവിനെക്കുറിച്ച തെറ്റായ ധാരണകളിലേക്കെത്തിക്കുകയും അത് മുഖേന അല്ലാഹുവിനെക്കുറിച്ച് അറിവില്ലാത്തത് പറയുകയും ചെയ്യും. ഇതാകട്ടെ വിലക്കപ്പെട്ട കാര്യവുമാണ്. അല്ലാഹു പറയുന്നത് കാണുക:

"പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും

**സ്രഷ്ടാവിനെക്കുറിച്ചുള്ള പ്രമാണബദ്ധമായ വിശ്വാസമാണ് എല്ലാവിധ നന്മകളുടെയും അടിസ്ഥാനം. ഇത് കരഗതമാകുന്നതിലൂടെ മാത്രമെ മനുഷ്യർക്ക് നന്മകളിൽ അടിയുറച്ച് നിൽക്കുവാനും തിന്മകളെ പാടെ ജീവിതത്തിൽനിന്ന് ഒഴിവാക്കുവാനും സാധിക്കുകയുള്ളൂ. സൃഷ്ടിനാഥനെക്കുറിച്ച വികലമായ ധാരണകളും വിശ്വാസങ്ങളുമാണ് അധികമാളുകളെയും സന്മാർഗസരണിയിൽനിന്ന് തെറ്റിച്ചുകളയുന്നത് എന്നത് ഒരു പരമാർഥമാണ്. പ്രവാചകന്മാരാൽ പഠിപ്പിക്കപ്പെട്ട കളങ്കമുക്തമായ വിശ്വാസങ്ങളിൽനിന്ന് തെന്നിമാറുന്നതോടെ അന്ധവിശ്വാസങ്ങളായിരിക്കും മനസ്സുകളിൽ മുളപൊട്ടുക. അതാകട്ടെ നരകത്തിലേക്ക് മനുഷ്യരെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും.**

പരോക്ഷമായതുമായ നീചവൃത്തികളും അധർമവും ന്യായം കൂടാതെയുള്ള കയ്യേറ്റവും യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്"(7:33).


ക്വുർആനിലെ ഏറ്റവും ശ്രേഷ്ഠമായ വചനമായി നബിﷺ അറിയിച്ച ആയത്തുൽ കുർസിയ്യ് അല്ലാഹുവിനെ സംബന്ധിച്ച വ്യക്തമായ ബോധം നമുക്ക് നൽകുന്നതാണ്:

"അല്ലാഹു-അവനല്ലാതെ ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റെതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ" (2:255).

പ്രത്യേകതകൾ ഏറെയുള്ള സൂറത്തുൽ ഇഖ്‌ലാസും അല്ലാഹു ആരെന്ന് നമുക്ക് പറഞ്ഞുതരുന്നു. അല്ലാഹുവിനെ സൃഷ്ടികളോട് സാമ്യപ്പെടുത്തുന്നവർക്കുള്ള കൃത്യമായ മറുപടിയും അത് നൽകുന്നു: "(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും" (112:1-4). ●

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം




# ഇസ്‌ലാം നൽകുന്ന ആത്മഹർഷം

**ഈ** ലോകത്ത് ഓരോ മനുഷ്യനും കാരുണ്യവാനായ സൃഷ്ടികർത്താവിന്റെ അനവധി അനുഗ്രഹങ്ങൾ അനുഭവിച്ചും ആസ്വദിച്ചുമാണ് ജീവിക്കുന്നത്. വായു, വെള്ളം, വെളിച്ചം, കൈകാലുകൾ, കണ്ണ്, കാത് തുടങ്ങി സമ്പത്ത്, കുടുംബം... എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത മേഖലകളിൽ അത് വിശാലമാണ്.നബിﷺ പഠിപ്പിച്ച പോലെ അവയുടെ വിലയും വിശാലതയും അറിയണമെങ്കിൽ തന്നെക്കാൾ താഴെയുള്ളവരിലേക്ക് ഓരോരുത്തരും നോക്കണമെന്നു മാത്രം. വായുവും വെള്ളവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം നമുക്കു വേണ്ടി ഒരുക്കിയവനാണ് അല്ലാഹു:

"അവനാണ് നിങ്ങൾക്ക് വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചു തന്നത്. പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചവനും അവൻ തന്നെയാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (2:29).

അവന്റെ അനുഗ്രഹങ്ങൾ നമുക്ക് ക്ലിപ്തമാക്കാൻ കഴിയില്ല:

**തനിക്ക് നല്ലതെന്ന് തോന്നുന്നതെന്തോ അതുമാത്രം ചെയ്തും ധർമാധർമങ്ങൾ പരിഗണിക്കാതെയും ജീവിക്കുന്നവർക്ക് ഈ അനുഭൂതിയും ശാന്തിയും ലഭിക്കില്ല. പലരും ദേഹേഛകളെയും മറ്റുള്ളവരുടെ വാക്കുകളെയുമാണ് പിൻപറ്റുന്നതെങ്കിൽ സത്യവിശ്വാസി പ്രപഞ്ച സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളെയാണ് പിൻപറ്റുന്നത്. സൃഷ്ടിപൂജകർ നിസ്സാരരായ സൃഷ്ടികളെ പൂജിച്ച് അധമത്തം പേറുമ്പോൾ സത്യവിശ്വാസി സവശക്തനും സർവലോക പരിപാലകനുമായ അല്ലാഹുവാണ് അത്യുന്നതനെന്നു പ്രഖ്യാപിച്ച് അവനെ മാത്രം ആരാധിച്ച് അവനിൽ പരിപൂർണമായും ഭരമേൽപിച്ച് അന്തസ്സാർന്ന ജീവിതമാണ് നയിക്കുക.**

"അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയും തന്നെ" (16:18).

കാരുണ്യവാനായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഏറ്റവും വലുതും അമൂല്യവുമായത് അവന്റെ മാർഗദർശനം അനുസരിച്ച് അവന് കീഴ്പെട്ട് ജീവിക്കുവാനുള്ള മഹാഭാഗ്യമാണ്. അഥവാ ഇസ്‌ലാം ഉൾക്കൊള്ളുവാനും അതനുസരിച്ച് ജീവിക്കുവാനും അനുഗ്രഹിച്ചു എന്നതാണ്.

"അല്ലാഹുവിന്റെ റസൂലാണ് നിങ്ങൾക്കിടയിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ നിങ്ങൾ വിഷമിച്ച് പോകുമായിരുന്നു. എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ഔദാര്യവും അനുഗ്രഹവുമാകുന്നു അത്. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു"(49:7,8).

മനുഷ്യരിലധികവും ജീവിതത്തിന്റെ പല മേഖലകളിലും കൃത്യമായ മാർഗദർശനമില്ലാതെ ഇരുട്ടിൽ തപ്പുമ്പോൾ ഇസ്‌ലാം പുൽകാൻ അവസരം ലഭിച്ചവർ കൃത്യമായ ദൈവിക നിർദേശങ്ങൾക്കനുസരിച്ചാണ്ജീവിതത്തിൽ ഓരോ കാര്യവും ചെയ്യുന്നത്. മലമൂത്ര വിസർജന രംഗത്തുവരെയും ഇസ്‌ലാമികാധ്യാപനങ്ങളുണ്ടെന്ന് മനസ്സിലാക്കുമ്പോഴാണ് ഇസ്‌ലാം എത്രമാത്രം വ്യക്തികളെ ചൂഴ്ന്ന് നിൽക്കുന്നു എന്ന് ബോധ്യമാവുക. തീറ്റയും കുടിയും ഇരുത്തവും നടത്തവും കിടത്തവും നോട്ടവും എന്നുമാത്രമല്ല സർവവും സ്വന്തമിഷ്ടങ്ങളെക്കാളുപരി ദൈവിക മാർഗനിർശേദമനുസരിച്ചാണ് സത്യവിശ്വാസികൾ ക്രമീകരിക്കുക. അതിലൂടെ എന്തെന്നില്ലാത്ത ആത്മനിർവൃതിയും സമാധാനവുമാണ് കൈവരുന്നത്.

"പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്" (6:162,163).

തനിക്ക് നല്ലതെന്ന് തോന്നുന്നതെന്തോ അതുമാത്രം ചെയ്തും ധർമാധർമങ്ങൾ പരിഗണിക്കാതെയും ജീവിക്കുന്നവർക്ക് ഈ അനുഭൂതിയും ശാന്തിയും ലഭിക്കില്ല. പലരും ദേഹേഛകളെയും മറ്റുള്ളവരുടെ വാക്കുകളെയുമാണ് പിൻപറ്റുന്നതെങ്കിൽ സത്യവിശ്വാസി പ്രപഞ്ച സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളെയാണ് പിൻപറ്റുന്നത്. സൃഷ്ടിപൂജകർ നിസ്സാരരായ സൃഷ്ടികളെ പൂജിച്ച് അധമത്തം പേറുമ്പോൾ സത്യവിശ്വാസി സവശക്തനും സർവലോക പരിപാലകനുമായ അല്ലാഹുവാണ് അത്യുന്നതനെന്നു പ്രഖ്യാപിച്ച് അവനെ മാത്രം ആരാധിച്ച് അവനിൽ പരിപൂർണമായും ഭരമേൽപിച്ച് അന്തസ്സാർന്ന ജീവിതമാണ് നയിക്കുക. ദൈവികമാർഗദർശനം പിൻപറ്റാതെ ജീവിച്ചവർ പിന്നീട് ഖേദിക്കുമെന്ന് ക്വുർആൻ അനേകം സ്ഥലങ്ങളിൽ ഉണർത്തിയതായി കാണാം . എന്നാൽ സത്യവിശ്വാസികൾ സന്തോഷത്തോടെ അല്ലാഹുവിനെ സ്തുതിക്കുകയും ആ മഹാഭാഗ്യത്തിന് നന്ദി പറയുകയുമായിരിക്കും ചെയ്യുക:

"അവരുടെ (വിശ്വാസികളുടെ) മനസ്സുകളിലുള്ള ഉൾപകയെല്ലാം നാം നീക്കിക്കളയുന്നതാണ്. അവരുടെ താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർ പറയുകയും ചെയ്യും: ഞങ്ങളെ ഇതിലേക്ക് നയിച്ച അല്ലാഹുവിന് സ്തുതി. അല്ലാഹു ഞങ്ങളെ നേർവഴിയിലേക്ക് നയിച്ചിരുന്നില്ലെങ്കിൽ ഞങ്ങളൊരിക്കലും നേർവഴി പ്രാപിക്കുമായിരുന്നില്ല. ഞങ്ങളുടെ രക്ഷിതാവിന്റെ ദൂതൻമാർ തീർച്ചയായും സത്യവും കൊണ്ടാണ് വന്നത്. അവരോട് വിളിച്ചുപറയപ്പെടുകയും ചെയ്യും: അതാ, സ്വർഗം. നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി നിങ്ങൾ അതിന്റെ അവകാശികളാക്കപ്പെട്ടിരിക്കുന്നു"(7:43).

ആ സ്രഷ്ടാവിനെ പ്രകീർത്തിച്ചും അവന്റെ വിധിവിലക്കുകൾ പാലിച്ചും അവന് നന്ദി പ്രകടിപ്പിച്ചും കൊണ്ടുള്ള ഇസ്‌ലാമിക ജീവിതവും അതൊന്നും പാലിക്കാതെയുള്ള ജീവിതവും എങ്ങനെയാണ് സമമാവുക?

"അപ്പോൾ, മുഖം നിലത്തു കുത്തിക്കൊണ്ട് നടക്കുന്നവനാണോ സൻമാർഗം പ്രാപിക്കുന്നവൻ? അതല്ല നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കുന്നവനോ? പറയുക: അവനാണ് നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കുകയും നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഏർപെടുത്തിത്തരികയും ചെയ്തവൻ. കുറച്ചു മാത്രമെ നിങ്ങൾ നന്ദികാണിക്കുന്നുള്ളൂ" (67:22,23).

ഈ ജീവിതത്തിന്റെ ലക്ഷ്യമെന്ത് എന്ന അടിസ്ഥാനപരമായ ചോദ്യത്തിന് സത്യവിശ്വാസികൾക്ക് കൃത്യമായ ഉത്തരമുണ്ട്. എന്നാൽ സത്യനിഷേധികൾ ആ ചോദ്യത്തിനു മുന്നിൽ പകച്ചുനിൽക്കും. അവർക്ക് ജീവിതയാത്രക്കിടയിലുണ്ടാകുന്ന പ്രതിസന്ധികളെ നേരിടാൻ കഴിയാതെ പ്രയാസപ്പെടേണ്ടിവരും. എന്നാൽ സത്യവിശ്വാസി ഉൾക്കരുത്തോടെ അവയെ തരണം ചെയ്യും. സർവാധിനാഥന്റെ പരീക്ഷണമെന്നു മനസ്സിലാക്കി സഹിക്കാനും ക്ഷമിക്കാനും അവന് കഴിയും.

"പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്"(9:51).

ജീവിതത്തിലെ സുഖ,ദുഃഖങ്ങളെ വിശ്വാസത്തിന്റെ കരുത്തുകൊണ്ട് ഒരുപോലെ സ്വീകരിക്കാൻ വിശ്വാസിക്ക് കഴിയുമ്പോൾ അവിശ്വാസി പരീക്ഷണ ഘട്ടത്തിൽ അങ്ങേയറ്റം നിരാശനും ദുഃഖിതനുമായിത്തീരും. ജീവിതനിരാശയും മടുപ്പും ഒരുവേള ആത്മഹത്യയിലേക്കുവരെ അവരെ നയിക്കും.

സത്യവിശ്വാസിയുടെ അവസ്ഥയെപ്പറ്റി നബിﷺ പറഞ്ഞു:"സത്യവിശ്വാസിയുടെ കാര്യം ആശ്ചര്യകരം തന്നെ. അവന്റെ എല്ലാ കാര്യവും അവന് നന്മ തന്നെ. ഒരു സന്തോഷകരമായ കാര്യമാണ് അവന് ഉണ്ടായതെങ്കിൽ അവൻ അതിന്റെ പേരിൽ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കും. അതവന് ഗുണകരമാണ്. ഇനി വല്ല ബുദ്ധിമുട്ടുമാണ് അവനെ ബാധിച്ചതെങ്കിൽ അവനതിൽ ക്ഷമിക്കും. അതും അവന് ഗുണകരമാണ്. ഒരു സത്യവിശ്വാസിയല്ലാത്ത ഒരാൾക്കും അതുണ്ടാവുകയില്ല."

ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വെളിച്ചം വീശുന്ന ഈ മാർഗദർശനം സ്വീകരിക്കാൻ കഴിയുക എന്നത് ലോകരക്ഷിതാവിന്റെ അപാരമായ അനുഗ്രഹവും മഹാഭാഗ്യവുമാണെന്ന് പറയുന്നത് വസ്തുനിഷ്ഠമായി ചിന്തിക്കുന്നവർക്ക് ബോധ്യപ്പെടാതിരിക്കില്ല.

"വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽ നിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്. അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളാകുന്നു" (2:257).

**മനുഷ്യരിലധികവും ജീവിതത്തിന്റെ പല മേഖലകളിലും കൃത്യമായ മാർഗദർശനമില്ലാതെ ഇരുട്ടിൽ തപ്പുമ്പോൾ ഇസ്‌ലാം പുൽകാൻ അവസരം ലഭിച്ചവർ കൃത്യമായ ദൈവിക നിർദേശങ്ങൾക്കനുസരിച്ചാണ്ജീവിതത്തിൽ ഓരോ കാര്യവും ചെയ്യുന്നത്. മലമൂത്ര വിസർജന രംഗത്തു വരെയും ഇസ്‌ലാമികാധ്യാപനങ്ങളുണ്ടെന്ന് മനസ്സിലാക്കുമ്പോഴാണ് ഇസ്‌ലാം എത്രമാത്രം വ്യക്തികളെ ചൂഴ്ന്ന് നിൽക്കുന്നു എന്ന് ബോധ്യമാവുക. വ്യതിയും സമാധാനവുമാണ് കൈവരുന്നത്.**

അതുകൊണ്ടുതന്നെയാണ് ഇസ്‌ലാം ആശ്ലേഷിച്ചുവെന്നത് ആരോടെങ്കിലും കാണിച്ച ഔദാര്യമല്ല; മറിച്ച് ദൈവികമായ മഹാ അനുഗ്രഹമാണെന്ന് ചിലരെ തിരുത്തിക്കൊണ്ട് ക്വുർആൻ പ്രസ്താവിച്ചത്:

"അവർ ഇസ്‌ലാം മതം സ്വീകരിച്ചു എന്നത് അവർ നിന്നോട് കാണിച്ച ദാക്ഷിണ്യമായി അവർ എടുത്തുപറയുന്നു. നീ പറയുക: നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചതിനെ എന്നോട് കാണിച്ച ദാക്ഷിണ്യമായി എടുത്ത് പറയരുത്. പ്രത്യുത, സത്യവിശ്വാസത്തിലേക്ക് നിങ്ങൾക്ക് മാർഗദർശനം നൽകി എന്നത് അല്ലാഹു നിങ്ങളോട് ദാക്ഷിണ്യം കാണിക്കുന്നതാകുന്നു. നിങ്ങൾ സത്യവാൻമാരാണെങ്കിൽ (ഇത് നിങ്ങൾ അംഗീകരിക്കുക)" (49:17).

"അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും"(3:83).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# ഇന്ന് കൊടുക്കുക; നാളേക്കു വേണ്ടി

**അബൂഹുറയ്‌റ(റ)വിൽ നിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "രണ്ട് മലക്കുകൾ ഇറങ്ങിവന്ന് ഒരാൾ 'അല്ലാഹുവേ, ധനം ചെലവഴിക്കുന്നവന് നീ പിന്തുടർച്ച നൽകേണമേ' എന്നും ഇതരൻ 'അല്ലാഹുവേ, ധനം ചെലവഴിക്കാതെ സൂക്ഷിക്കുന്നവന് നീ നാശം നൽകേണമേ' എന്നും പ്രാർഥിക്കാതെ അടിമകളിലാരും പ്രഭാതം പ്രാപിക്കുന്നില്ല" (ബുഖാരി, മുസ്‌ലിം).**

പരസ്പര സഹകരണത്തോടെ ജീവിക്കേണ്ടവരാണ് മനുഷ്യർ. ധനികരും ദരിദ്രരുമെല്ലാം പരാശ്രയം ആവശ്യമില്ലാത്ത, എല്ലാവർക്കും ആശ്രയമായ അല്ലാഹുവിന്റെ സൃഷ്ടികളാണ്. മനുഷ്യരുടെ നിലനിൽപും പരസ്പരാശ്രയത്തിലൂടെയാണ്. ധനികൻ ധനവായിത്തീർന്നതിനു പിന്നിൽ ഒരുപാട് പാവങ്ങളുടെ അധ്വാനമുണ്ടാകും. ദരിദ്രർക്ക് തങ്ങളുടെ ഉപജീവനമാർഗം കണ്ടെത്താൻ കഴിയുന്നത് ധനികരുള്ളത് കൊണ്ടാണ്.

ദാരിദ്ര്യവും സമ്പന്നതയും ദൈവിക പരീക്ഷണമാണ്. ദാരിദ്ര്യം അനുഭവിക്കുന്നവർ ആ വിഷമാവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ധനികൻ തന്റെ സമ്പന്നതയിൽ മതിമറന്ന് സ്രഷ്ടാവിനെ ധിക്കരിക്കാതിരിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെ ധനം കൊണ്ട് നരകത്തിലെത്തിച്ചേരാനും സ്വർഗത്തിലെത്തിച്ചേരാനും കഴിയുമെന്ന് അവൻ ഗ്രഹിക്കണം. അന്യായമായി സമ്പാദിക്കുകയും അധാർമികതയുടെ മാർഗത്തിൽ ചെലവഴിക്കുകയും ചെലവഴിക്കേണ്ട മാർഗങ്ങളെ അവഗണിക്കുകയും ചെയ്താൽ ധനംകൊണ്ടുള്ള പരീക്ഷണത്തിൽ അവൻ പരാജിതനാണെന്ന് വരുന്നു.

അഗതികളും അശരണരും അനാഥരുമായവരോട് അങ്ങേയറ്റം അനുഭാവം പുലർത്തുവാൻ കൽപിച്ച മതമാണ് ഇസ്‌ലാം. അവർക്കു വേണ്ടി ചെലവഴിക്കുന്നതിനെ 'അല്ലാഹുവിന്റെ മാർഗ'ത്തിലുള്ള ചെലവഴിക്കലായാണ് ഇസ്‌ലാം പരിഗണിക്കുന്നത്. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് ഇസ്‌ലാം അറിയിക്കുന്നു. ധനം നല്ല മാർഗത്തിൽ ചെലവഴിക്കാതെ സ്വരൂപിച്ച് വെക്കുന്നതിന്റെ ഗൗരവവും ചെലവഴിക്കുന്നതിന്റെ മഹത്ത്വവും മനസ്സിലാക്കിത്തരുന്നതാണ് മുകളിൽ കൊടുത്ത നബിവചനം.

വിശുദ്ധ ക്വുർആൻ പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴു കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇരട്ടിയിരട്ടിയായി നൽകുന്നു..." (2:261).

സത്യമതത്തിനു വേണ്ടിയും സഹജീവികൾക്കു വേണ്ടിയും ചെലവഴിക്കുമ്പോൾ അത് തങ്ങൾക്കു വേണ്ടിയുള്ള ചെലവഴിക്കൽ തന്നെയാണ്. അഥവാ അതിന്റെ പ്രതിഫലം ചെലവഴിക്കുന്നവർക്കു തന്നെയാണ് എന്നും ക്വുർആൻ ഉണർത്തുന്നു: "നിങ്ങൾ ധനം ചെലവഴിക്കുന്നുവെങ്കിൽ അത് സ്വന്തം നന്മയ്ക്ക് തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. നിങ്ങളെന്ത് ചെലവഴിച്ചാലും അതിന്റെ പ്രതിഫലം നിങ്ങൾക്ക് പൂർണമായും നൽകപ്പെടുന്നതാണ്. നിങ്ങളോട് അൽപം പോലും അനീതി കാണിക്കുകയില്ല" (2:272).

എന്നാൽ ചെലവഴിക്കുന്നത് ലോകമാന്യത്തിനു വേണ്ടിയാകുന്നതും ആർക്കു വേണ്ടി ചെലവഴിച്ചുവോ അവരെ അതിന്റെ പേരിൽ ശല്യപ്പെടുത്തുന്നതും ശിക്ഷാർഹവും കൊടുത്തതിന്റെ കൂലി ഇല്ലാതാക്കുന്നതുമാണ്. (2:264).

നബി(ﷺ) പറഞ്ഞു: "മനുഷ്യാ, മിച്ചമുള്ളത് ചെലവഴിക്കുന്നത് നിനക്ക് ഗുണകരവും ചെലവഴിക്കാതിരിക്കുന്നത് നിനക്ക് ദോഷകരവുമാണ്. അത്യാവശ്യത്തിന് കരുതിവെക്കുന്നത് ആക്ഷേപാർഹമല്ല. അടുത്തബന്ധുക്കളിൽ നിന്ന് തുടങ്ങുക. താഴെയുള്ള കയ്യിനെക്കാൾ ഉത്തമം ഉയർന്നുനിൽക്കുന്ന കയ്യാണ്" (മുസ്‌ലിം).




WISDOM




പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...

നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21


Nerpatham Weekly
Published on
08 June 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS

**PUBLISHING II DISTRIBUTION**

Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437




റമദാനിൽ പുറത്തിറങ്ങി...

# ഹദീസ് പാഠം

**വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ / വില: ₹ 80**

പ്രവാചകാധ്യാപനങ്ങൾ നിത്യപ്രസക്തമാണ്. ജീവിതത്തിന്റെ സർവതല സ്പർശിയായ അധ്യാപനങ്ങൾ കൊണ്ട് സമ്പന്നമായ ഹദീസിന്റെ പരിസരങ്ങളിലൂടെയുള്ള യാത്രയിൽ നവാനുഭൂതികളുടെ പുതിയ വൈജ്ഞാനിക ലോകമാണ് നാം ദർശിക്കുക. നമുക്ക് വേണ്ടതെല്ലാം വേണ്ടത്ര ഹദീസുകളിലുണ്ട്. പ്രവാചകാധ്യാപനങ്ങളിലൂടെ ആഴങ്ങളിലേക്കുള്ള സഞ്ചാരത്തിന് ഒരു കൈത്തിരിയാണ് ഈ കൃതി. മുപ്പത് ഹദീസുകളെ കുറിച്ച് ഭംഗിയായ വിശകലനം.

## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |